KOTTAYAM PUBLIC LIBRARY

Call No. M.൨൦൦:൧ Acc. No. 11386

Author ദാമോദരൻ നായർ പി. എം.

Title ഭിന്നൻ

K. S. PILLAI.

9 AUG 1967

850

850

മഹാഭാരതപാത്രമാല - 1

No. 11386.

PUBLIC LIBRARY

11386

# കർണ്ണൻ

M 200.2

# KARNNAN

*By*

11386

P. M. Kumaran Nair

*Published by*

P. K. BROTHERS, CALICUT.

Price: Re. one only

# കണ്ണൻ

ഗ്രന്ഥകർത്താ:

**പി. എം. കുമാരൻ നായർ**

പ്രസാധകന്മാർ

**പി. കെ ബ്രദേർസ്, കോഴിക്കോട്**

NATIONAL BOOK ST
SPCS
LTD.

വില: ഒരുറുപ്പിക

*First Edition 1959*

*Copies 1000*

*Copy right to :*

*Publishers*

Printed at

THF AMALA PRINTING WORKS

CALICUT-1.

# വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| 1 | രാധയുടെ ദത്തുപുത്രൻ ... ... | 1 |
| 2 | അംഗരാജൻ ... ... | 8 |
| 3 | 'ഞാൻ സൂതപുത്രനെ വരിക്കുകയില്ല' ... | 18 |
| 4 | പരശുരാമന്റെ ശാപം ... ... | 23 |
| 5 | അമ്മയുമായുള്ള കൂടിക്കാഴ്ച ... ... | 35 |
| 6 | ദാനവീരൻ ... ... | 50 |
| 7 | സേനാപതിയായ കർണ്ണൻ ... ... | 60 |
| 8 | കർണ്ണന്റെ അന്ത്യം ... ... | 72 |
| 9 | ശ്രാദ്ധകർമ്മം ... ... | 77 |

## രാധയുടെ ദത്തുപുത്രൻ

ധൃതരാഷ്ട്രമഹാരാജാവിന്റെ സാരഥിയുടെ പേർ അധിരഥൻ എന്നായിരുന്നു. അയാളുടെ ഭാര്യയ്ക്കു് രാധ എന്നായിരുന്നു പേർ, അക്കാലത്തു് രഥം നടത്തിയിരുന്നതു് സൂതജാതിയിൽപെട്ടവരാണു്. യുദ്ധകാലത്തു് തേർതെളിയ്ക്കുന്നതു് അത്യധികം ആപൽക്കരമായ ഒരു പ്രവൃത്തിയായി കരുതിവന്നു. തന്നിമിത്തം ധീരന്മാരും സമർത്ഥന്മാരുമായ ആളുകൾപോലും ഏററവും ശ്രദ്ധിച്ചിട്ടാണു് പ്രസ്തുത ജോലി ചെയ്തുവന്നതു്. ശ്രീകൃഷ്ണൻ അർജ്ജുനന്റെ സാരഥിയായി പ്രവർത്തിച്ച കഥ നമുക്കറിവുള്ളതാണു്. അപ്രകാരംതന്നെ മാദ്രദേശത്തിലെ രാജാവായ ശല്യൻ സൂതപുത്രനായ കർണ്ണന്റെ തേരാളിയായിരുന്നു.

രാധയ്ക്കു് സന്താനങ്ങൾ ഉണ്ടായിരുന്നില്ല. അവൾ നിരവധി വ്രതങ്ങളനുഷ്ഠിച്ചു; തീർത്ഥയാത്രകൾചെയ്തു;

പ്രാൎത്ഥനകൾ നടത്തി; വഴിവാട്ടുകൾ കഴിച്ചു; എന്നിട്ടും ഈശ്വരൻ അവൾക്കൊരു സന്തതിയെ നൽകിയില്ല. സന്താനമില്ലാത്തതുകൊണ്ടു് അവൾ സദാ ദുഃഖിതയായി ട്ടാണു് കഴിച്ചുകൂട്ടിയിരുന്നതു്.

ഒരു ദിവസം വൈകുന്നേരം അധിരഥൻ തന്റെ ഗൃഹത്തിലേയ്ക്കു കയറിവന്നു. അപ്പോൾ രാധ അട്ടക്കളയിൽ ഭക്ഷണം പാകംചെയ്യുകയായിരുന്നു.

അധിരഥൻ ഇങ്ങിനെ പറഞ്ഞു:—"രാധേ! ഇവിടെ വരൂ. നിനക്കു് കളിയ്ക്കാൻ ഞാനൊരു സാധനം കൊണ്ടുവന്നിട്ടുണ്ടു്."

രാധ അട്ടക്കളയിൽനിന്നു് ഇപ്രകാരം മറുപടി പറഞ്ഞു:—"കളിയ്ക്കാനുള്ള സാധനംകൊണ്ടു് ഇവിടെ കളിയ്ക്കാനാരാണു്?"

അധിരഥൻ:—"എന്നാൽ ഇവിടെ വന്നുനോക്കിയതിനുശേഷം പറയൂ. വളരെ മനോഹരമായ ഒരു കളിപ്പാട്ടമാണിതു്."

രാധ:—അതിനേക്കാൾ മനോഹരമായ കളിപ്പാട്ടങ്ങളെ നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. പക്ഷേ അവയെല്ലാംതന്നെ എന്റെ മനസ്സിനെ കൂടുതൽ വേദനിപ്പിയ്ക്കുകയാണുണ്ടായതു്. ഒരു കുട്ടിയെ എടുത്തു് താലോലിക്കാനില്ലാത്ത സ്ത്രീയുടെ ഹൃദയത്തെപ്പററി പുരുഷന്മാരായ നിങ്ങൾക്കെന്തറിയാം? വരുന്ന ജന്മത്തിൽ നിങ്ങൾ ഒരു പെണ്ണായി പിറന്നുനോക്കൂ. അപ്പോഴേ ആ ദുഃഖം നിങ്ങൾ അറിയുകയുള്ളൂ.

രാധയുടെ അനുജത്തി പറഞ്ഞു:-"ചേച്ചീ, ഇവിടെ വന്നുനോക്കു. എന്തൊരു ചന്തമാണിതിന്നു്! നിങ്ങൾക്കു് വളരെ ഇഷ്ടമാവും."

രാധ:-മരപ്പാവകൾക്കു് ജീവനുണ്ടെന്നു കരുതി അവയെക്കൊണ്ടു് മനസ്സിനെ സന്തോഷിപ്പിയ്ക്കുവാൻ ഞാൻ ഒരു ചെറിയ കുട്ടിയൊന്നുമല്ല. നാഥാ, എന്നെ ഇങ്ങിനെ കളിയാക്കരുതു്. എനിയ്ക്കുവേണ്ടി മേലിലെങ്കിലും പാവക്കുട്ടികളെ കൊണ്ടുവരരുതു്.

ഇത്രയും പറഞ്ഞപ്പോഴെയ്ക്കു് രാധയുടെ കണ്ഠം ഇടറി. അനുജത്തി പറഞ്ഞു:-"ചേച്ചീ! ജീവനില്ലാത്ത പാവയല്ല ഇതു്."

"എന്തു്! അതിനു് ജീവനുണ്ടെന്നാണോ പറയുന്നതു്? നീ പറയുന്നതു് സത്യമാണോ?" എന്നു ചോദിച്ചുകൊണ്ടു് രാധ ഉമ്മറത്തേയ്ക്കു് ഓടിവന്നു. അധിരഥന്റെ കയ്യിൽ ഒരു ബാലകനെ കണ്ടിട്ടു് അവൾ അമ്പരന്നുപോയി.

രാധ;-നാഥാ, ഞാനീകാണുന്നതെന്താണു് ?

അധിരഥൻ:-എന്താണെന്നു് നീ തന്നെ പറയൂ.

രാധ:-നിങ്ങൾക്കിതു് എവിടെനിന്നു കിട്ടി?

അധിരഥൻ;-അതും നീ തന്നെ പറയണം.

രാധ:-നിങ്ങളുടെ കയ്യിൽ ഒരു കുട്ടിയാണു്. ഈശ്വരൻ എനിയ്ക്കുവേണ്ടി കൊടുത്തയച്ചതാണോ ഇതു്? നാഥാ, ഞാൻ സ്വപ്നം കാണുകയാണോ? എന്റെ കണ്ണുകൾ എന്നെ വഞ്ചിയ്ക്കുമോ? എന്നെ കളിയാക്കാതെ കാര്യം തുറന്നു പറയൂ.

അധിരഥൻ:-എന്റെ കയ്യിലുള്ള ഈ കുട്ടി നിനക്കുള്ളതാണു്. ഇവനെ എടുത്തുകൊള്ളൂ.

രാധ ഉന്മാദിനിയെപ്പോലെയായിത്തീർന്നു. അവൾ കുട്ടിയെ എടുത്ത് മാറോടണച്ചു. അവൻെറ നെറുകയിൽ പലവുരു ഉമ്മവെച്ചു താലോലിച്ചു. അവൾ കുട്ടിയുടെ ശരീരത്തിൽ കൈകൊണ്ടു് തടവിത്തുടങ്ങി.

രാധ:-മകനേ, എൻെറ വീട്ടിൽ വെളിച്ചം വീശിയതു് നീയാണു്. ഇവിടുത്തെ അന്ധകാരം നിശ്ശേഷം നീങ്ങിയിരിയ്ക്കുന്നു. അനുജത്തീ, ഇന്നു് അടുത്ത വീടുകളിലുള്ളവക്കെല്ലാം മധുരപലഹാരം കൊടുക്കണം. രാധ അമ്മയായ വിവരം അവരെ അറിയിയ്ക്കണം.

രാധയുടെ അനുജത്തി അധിരഥനോടു് ചോദിച്ചു:-"ജ്യേഷ്ഠാ, എവിടെനിന്നാണു് അങ്ങയ്ക്കീ കുട്ടിയെ കിട്ടിയതു്?"

രാധ:-അതെ. ഞാനതു ചോദിയ്ക്കാൻ തീരെ മറന്നു.

അധിരഥൻ:-ഞാൻ നദീതീരത്തിൽക്കൂടി നടക്കുമ്പോൾ എന്തോ ഒരു വസ്തു ഒഴുകിവരുന്നതായി കണ്ടു.

രാധ:-എന്തു്! ഈ കുട്ടിയെ ആരോ നദിയിൽ ഒഴുക്കിവിട്ടതാണോ?

അധിരഥൻ:-ആദ്യത്തിൽ ഞാൻ സംശയിച്ചതു് വല്ല ശവമോ മരമോ ആയിരിയ്ക്കുമെന്നാണു്. എന്നാൽ സൂക്ഷിച്ചുനോക്കിയപ്പോൾ അതൊരു പെട്ടിയാണെന്നു് മനസ്സിലായി.

രാധ:-എന്നിട്ടെന്തുണ്ടായി?

അധിരഥൻ:-പെട്ടി പതുക്കെ ഒഴുകിപ്പോകുകയായിരുന്നു. അതിൻെറ ഉള്ളിൽ എന്താണെന്നറിയാൻ എനിയ്ക്കാഗ്രഹമായി. എന്നാൽ അതു് തെല്ലു് ദൂരെയാ

യിരുന്നു. അങ്ങോട്ടു പോകാൻ ഭാവിച്ചപ്പോൾ നില തെററുവാൻ തുടങ്ങി. ഒരു കയറോ നീളമുള്ള മുളയോ അന്വേഷിച്ചുകൊണ്ടു് ഞാൻ നടന്നു. എന്നാൽ അതെനിയ്ക്കു് കിട്ടിയില്ല.

രാധ;–അപ്പോഴെയ്ക്കും പെട്ടി കുറെ ദൂരം പോയിരിയ്ക്കണം, അല്ലേ?

അധിരഥൻ;–ഞാൻ നിരാശനായി സൂര്യഭഗവാൻെറ നേരെ നോക്കി. അപ്പോഴെയ്ക്കും ആ പെട്ടി കരയ്ക്കണഞ്ഞു. ഞാൻ ഒരു ചാട്ടത്തിന്നു് അതിനെ കടന്നുപിടിച്ചു.

രാധ;–അപ്പോൾ സൂര്യഭഗവാനാണു് എനിയ്ക്കു് ഈ പെട്ടി സമ്മാനിച്ചതെന്നു് പറയൂ. അല്ലെങ്കിൽ നിങ്ങൾക്കെങ്ങിനെ കൊണ്ടുവരാൻ സാധിയ്ക്കും? പെട്ടിയുടെ ഉള്ളിൽ വെള്ളംകടന്നിരുന്നുവോ?

അധിരഥൻ:–ഇല്ല. പഴുതുകളെല്ലാം മെഴുകിട്ടു് അടച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു് ഒരു തുള്ളി വെള്ളം പോലും അകത്തു കടന്നിരുന്നില്ല.

രാധ:–ഈ കുട്ടിയെ പെട്ടിയിൽവെച്ചു് നദിയിൽ ഒഴുക്കിയ അമ്മയുടെ മനസ്സിനെപ്പററിയാണു് ഞാൻ ആലോചിയ്ക്കുന്നതു്.

അധിരഥൻ:–പെട്ടിയുടെ മുകളിൽ കുങ്കുമം തളിച്ചിട്ടുണ്ടായിരുന്നു. ഉറപ്പുള്ള ഒരു കയറുകൊണ്ടു് പെട്ടി വരിഞ്ഞുകെട്ടുകയും ചെയ്തിരുന്നു.

രാധ:–ഇതെല്ലാംതന്നെ വളരെ സൂക്ഷിച്ചു് ചെയ്തതാണെന്നു് തോന്നുന്നുവല്ലോ!

അധിരഥൻ:-ഞാൻ പെട്ടി തുറന്നപ്പോൾ അതിൽ ഒരു കുട്ടി സുഖനിദ്രയിൽ ആണ്ടുകിടക്കുന്നതു് കണ്ടു.

രാധ:-ആ കുട്ടി തന്നെയാണോ ഇതു്?

അധിരഥൻ:-അതെ. ആ കുട്ടിതന്നെ.

രാധ:-മകനേ, നിൻെറ ഈ സുവൎണ്ണകേശങ്ങൾക്കുവേണ്ടി ഞാൻ എന്തുതന്നെ ചെയ്യുകയില്ല!

അധിരഥൻ:-രാധേ, ഏററവും ആശ്ചര്യകരമായ മറെറാരു സംഗതിയുണ്ടു്. ഈ ബാലകൻെറ ശരീരത്തിലുള്ള കവചം ജന്മനാ ചൎമ്മത്തോടു് ബന്ധിക്കപ്പെട്ടതാണെന്നു് തോന്നുന്നു.

രാധ:-എത്ര ഭംഗിയുള്ള കണ്ണുകൾ! രണ്ടു കണ്ണുകളിലും കുണ്ഡലങ്ങൾ അണിയിച്ചിട്ടുള്ളതു് ആരായിരിക്കും?

അധിരഥൻ:-അവയും ജന്മനാ ഉള്ളതാണെന്നു തോന്നുന്നു. കണ്ണുകളിൽനിന്നു് അവ വേർപെട്ടു നില്ക്കുന്നില്ല. ഒരു ദേവപുത്രനാണു് ഈ കുട്ടി എന്നെനിക്കു തോന്നുന്നു. ഇവനെ ലഭിച്ച നാം തീർച്ചയായും ഭാഗ്യവാന്മാരാണു്.

രാധ:-മകനേ, ദേവന്മാരുടെ ഭവനങ്ങളിൽ വസിക്കേണ്ട നീ അന്ധകാരം നിറഞ്ഞ എൻെറ കുടിലിലേക്കു് എന്തിനാണു് വന്നതു്! ദേവന്മാരെ! ഈ കുട്ടിയെ കാത്തുരക്ഷിക്കേണമേ!

അനുജത്തി:-ചേച്ചീ, നമുക്കു് ഈ കുട്ടിക്കു് പേരിടണം.

രാധ:–അതു നിൻെറ വകയാവട്ടെ. നീ അവ ൻെറ ചെറിയമ്മയാണല്ലൊ. ആകട്ടെ, നാഥാ, നിങ്ങൾ എന്തു പേരിടുവാനാണ് ഇഷ്ടപ്പെടുന്നതു്?

അധിരഥൻ:–നിനക്കിഷ്ടമുള്ള പേരിട്ടുകൊള്ളൂ.

രാധ:–ഇവൻെറ സ്വർണ്ണകുണ്ഡലങ്ങൾ എന്നെ വളരെ ആകർഷിച്ചിട്ടുണ്ടു്. അതുകൊണ്ടു് വസുഷേണൻ എന്ന പേർ വിളിക്കുവാനാണ് ഞാനിഷ്ടപ്പെടുന്നതു്.

അധിരഥൻ:–എന്നാൽ അതുതന്നെയാവട്ടെ.

രാധ:–മകനേ, ഇതുവരെ ജനങ്ങൾ എന്നെ രാധ എന്നുമാത്രമെ വിളിച്ചിരുന്നുള്ളൂ. ഇനിമുതൽ വസു ഷേണൻെറ അമ്മയായ രാധ എന്നു വിളിച്ചുതുടങ്ങും. എൻെറ ഓമനയാണ് എന്നെ മാതാവാക്കിയതു്.

ഈ രാധാപുത്രനാണ് നമ്മുടെ കഥാനായക നായ കർണ്ണൻ. അദ്ദേഹം മുതിർന്നതിനുശേഷം തൻെറ കവചവും കുണ്ഡലങ്ങളും ഇന്ദ്രന് ദാനംചെയ്തു. തന്നി മിത്തമാണ് കർണ്ണനെന്ന പേർ സിദ്ധിച്ചതു്. പുരാണ ങ്ങളിൽ അദ്ദേഹം കർണ്ണനെന്നപേരിലാണ് അറിയപ്പെ ടുന്നതു്.

രണ്ടു്

## അംഗരാജൻ

ധൃതരാഷ്ട്രമഹാരാജാവു്:–വിദുരാ!

വിദുരൻ:–മഹാരാജാവേ!

ധൃതരാഷ്ട്രൻ:–ഇനി ഒട്ടും താമസിയ്ക്കുണ്ട. എന്റെ പുത്രന്മാരും പാണ്ഡുവിൻെറ പുത്രന്മാരും അവരുടെ പരിശീലനം പൂൎത്തിയാക്കിയിരിയ്ക്കുന്നു. അവരുടെ അഭ്യാസപാടവം എത്രയുണ്ടെന്നു കാണാൻ എനിയ്ക്കാഗ്രഹമുണ്ടു്.

വിദുരൻ:–പക്ഷേ അങ്ങയ്ക്കു് അതു് കാണുവാൻ സാധിയ്ക്കയില്ലല്ലോ!

ധൃതരാഷ്ട്രൻ:–അതു ശരിതന്നെ. എന്നാൽ നിനക്കു കാണാൻ കഴിയുമല്ലോ. നമ്മുടെ പിതാമഹനും കൃപാചാര്യനും പ്രജകളും കാണുമല്ലോ. അവരെല്ലാം

കണ്ടാൽ ഞാൻ കണ്ടതിന്നു് തുല്യമായി. നീ ഭീഷ്മപിതാമഹന്റെ അടുത്തുചെന്നു് ആയുധപരീക്ഷണത്തിനുള്ള സ്ഥലവും സമയവും നിശ്ചയിച്ചുവരിക.

വിദുരൻ:—കല്പനപോലെ.

ധൃതരാഷ്ട്രൻ:—രാജകുമാരന്മാരുടെ ആയുധവിദ്യ പ്രദർശിപ്പിയ്ക്കുന്ന സ്ഥലം ധാരാളം വിസ്തീർണ്ണമുള്ളതായിരിയ്ക്കണം. കാഴ്ചക്കാർക്കിരുന്നു് കാണാനും ധാരാളം സ്ഥലമുണ്ടായിരിയ്ക്കണം.

വിദുരൻ:—അങ്ങിനെത്തന്നെ.

ധൃതരാഷ്ട്രൻ:—മറെറാരു കാര്യവുംകൂടി ശ്രദ്ധിയ്ക്കേണ്ടതുണ്ട്. കാഴ്ചക്കാരുടെ കൂട്ടത്തിൽ ഞാനും നീയും ഭീഷ്മപിതാമഹനും കൃപാചാര്യനും മറെറല്ലാ പുരുഷന്മാരും ഉണ്ടായിരിയ്ക്കണം. സ്ത്രീകൾക്കിരിപ്പാൻ പ്രത്യേക സ്ഥലം ഏർപ്പാടുചെയ്യണം. കുന്തിയും ഗാന്ധാരിയും അന്തഃപുരത്തിലെ മററു സ്ത്രീകളും വന്നുകൊള്ളട്ടെ. അതിന്നു പുറമേ നഗരത്തിലെ നാലു വർണ്ണങ്ങളിലും ഉൾപ്പെട്ട എല്ലാ ജനങ്ങൾക്കും കാണുന്നതിന്നു് സൗകര്യമുണ്ടായിരിയ്ക്കണം. ഭാവിയിൽ രാജ്യഭാരം ചെയ്യേണ്ട കുമാരന്മാരുടെ ആയുധവിദ്യ പ്രജകൾ എല്ലാവരും കാണട്ടെ.

വിദുരൻ:—കല്പനപോലെ. വേണ്ട ഏർപ്പാടുകളെല്ലാം ഞാൻ ചെയ്തുകൊള്ളാം.

ധൃതരാഷ്ട്രൻ:—മറെറാരു കാര്യം. ഗ്രാമപ്രധാനികൾക്കു് പ്രത്യേകം തമ്പുകൾ വേണമെന്നു് ആവശ്യപ്പെടുകയാണെങ്കിൽ അതിനു വേണ്ട ഏർപ്പാടുകൾ മുൻകൂട്ടിത്തന്നെ ചെയ്യണം. പിന്നീട്ട് അസൗകര്യമാവരുതു്.

വിദുരൻ:_അങ്ങിനെത്തന്നെ.

ധൃതരാഷ്ട്രൻ;_എനിയ്ക്കു് ഓർമ്മയുള്ളേടത്തോളം കാര്യങ്ങൾ ഞാൻ പറഞ്ഞുതന്നു. ഇനി വല്ലതും ബാക്കിയുണ്ടെങ്കിൽ നീ തന്നെ ആലോചിച്ചു ചെയ്യണം. കുരുവംശത്തിലെ രാജകുമാരന്മാർക്ക് തികച്ചും അഭിമാനിയ്ക്കത്തക്കനിലയിലായിരിയ്ക്കണം എല്ലാ ഏർപ്പാട്ടുകളും ചെയ്യുന്നതു്.

*　　　*　　　*

രാജകുമാരന്മാരുടെ ആയുധപരീക്ഷണം നിശ്ചയിച്ച ദിവസമായി. ഹസ്തിനപുരത്തിന്നടുത്തു് ഒരു വലിയ മൈതാനം അതിന്നുവേണ്ടി തെയ്യാറാക്കി. തോരണങ്ങളും പതാകകളും കാററിൽ പറക്കാൻ തുടങ്ങി. അകത്തും പുറത്തുമുള്ള തെരുവീഥികളെല്ലാം വെള്ളം തളിച്ചു് വൃത്തിയാക്കിയിരിയ്ക്കുന്നു. കാഴ്ചക്കാർക്കുള്ള ഗ്യാലറികളും ഗ്രാമപ്രധാനികൾക്കുള്ള തമ്പുകളും മാന്യന്മാരായ അതിഥികൾക്കുള്ള ഇരിപ്പടങ്ങളും സ്ത്രീകൾക്കിരിയ്ക്കാനുള്ള സ്ഥലവും നിറഞ്ഞുകഴിഞ്ഞു. കാണികൾ രാജകുമാരന്മാരേയും പ്രതീക്ഷിച്ചിരിപ്പാണു്. ഭീഷ്മനും കൃപാചാര്യനും ധൃതരാഷ്ട്രനും വിദുരനും വന്നു് അവരവരുടെ സ്ഥാനത്തിരുന്നു. കുന്തിയും ഗാന്ധാരിയും സ്ത്രീകളുടെ ഇടയിൽ അവർക്ക് പ്രത്യേകമായി ഒരുക്കിവെച്ചിരുന്ന ഇരിപ്പടങ്ങളിൽ വന്നിരുന്നു. നഗരത്തിലെ ജനങ്ങൾ മുഴുവൻ വിവിധ വർണ്ണങ്ങളിലുള്ള ഉടുപ്പുകൾ അണിഞ്ഞു് അവരവരുടെ സ്ഥാനത്തു് വന്നിരിപ്പുറപ്പിച്ചു.

അപ്പോഴേയ്ക്കും പ്രദർശനസ്ഥലത്തു് ദ്രോണാചാര്യർ പ്രത്യക്ഷനായി. അദ്ദേഹത്തിൻെറ നരച്ചുനീണ്ട

കേശങ്ങളും ശ്മശ്രുക്കളും കാററിൽ ആടിക്കളിച്ചിരുന്നു. മുട്ടുവരെ നീണ്ടുകിടന്നിരുന്ന കൈകളും ബലിഷ്ഠങ്ങളായ സ്കന്ധങ്ങളും ധീരഗംഭീരമായ നടത്തവും ആചാര്യൻെറ പ്രത്യേകതയായിരുന്നു. അദ്ദേഹത്തിൻെറ ഒന്നിച്ച് പുത്രനായ അശ്വത്ഥാമാവുമുണ്ട്. പിന്നിൽ ഓടിച്ചാടി മദിച്ചുവരുന്നത് രാജകുമാരന്മാരാണ്. ഇവരെയെല്ലാം കൂടി കണ്ടപ്പോൾ ദർശകവൃന്ദം ഹസ്തതാഡനം മുഴക്കി. അതിൻെറ പ്രതിധ്വനി പ്രദർശനസ്ഥലത്തെ മുഖരിതമാക്കി. ദ്രോണാചാര്യർ സഭയെ വന്ദിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:-

"പിതാമഹരേ, ധൃതരാഷ്ട്രമഹാരാജാവേ, ദർശകന്മാരെ, ഞാൻ ഇത്രയുംകാലം ഈ രാജകുമാരന്മാർക്ക് പഠിപ്പിച്ചുകൊടുത്ത എല്ലാ വിദ്യകളും ഇപ്പോൾ നിങ്ങളുടെ മുമ്പാകെ പ്രദർശിപ്പിയ്ക്കപ്പെടുന്നതായിരിയ്ക്കും. രാജകുമാരന്മാരുടെ ക്ഷാത്രതേജസ്സിനെ കൂടുതൽ പ്രോജ്വലിതമാക്കാൻവേണ്ടി ഞാൻ പ്രയത്നിച്ചിട്ടുണ്ട്. എൻെറ പ്രവൃത്തി എന്തായിരുന്നുവെന്ന് നിങ്ങൾക്കിന്ന് മനസ്സിലാക്കാൻ കഴിയും. എൻെറ ശിഷ്യന്മാർ എൻെറ പ്രശസ്തിയെ നിലനിർത്തുമെന്ന് ഞാൻ ആശിയ്ക്കുന്നു.

പിന്നീട് രാജകുമാരന്മാർ അവർ പഠിച്ച അഭ്യാസങ്ങൾ പ്രദർശിപ്പിച്ചുതുടങ്ങി. വാള്, കുന്തം തുടങ്ങിയ ആയുധങ്ങളെക്കൊണ്ടുള്ള അഭ്യാസങ്ങൾ പ്രദർശിപ്പിച്ചതിനുശേഷം അസ്ത്രവിദ്യ ആരംഭിച്ചു. ദിവ്യാസ്ത്രങ്ങളെ പ്രയോഗിയ്ക്കുന്ന വിധംകൂടി പ്രദർശിപ്പിക്കപ്പെട്ടു. യുധിഷ്ഠിരൻ, ദുര്യോധനൻ, ഭീമൻ, ദുശ്ശാസനൻ, വികർണ്ണൻ, സഹദേവൻ മുതലായവർ ക്രമത്തിൽ അസ്ത്രപരീക്ഷ നടത്തി ദർശകന്മാരുടെ കണ്ണും കരളും കവർന്നു. പൊതു

വായ അത്തരം അഭ്യാസങ്ങൾ അവസാനിച്ചതിനു ശേഷം ഭീമനും ദുര്യോധനനും രംഗത്തിൽവന്നു. യുവാക്കളായ അവർ രണ്ടുപേരും ശക്തന്മാരാണ്. രണ്ടുപേരും ലങ്കോട്ടി ധരിച്ചിരുന്നു. അവർ കൈകളിൽ തോലുറ ധരിച്ചിട്ടുണ്ട്. അവരുടെ കൈകളിൽ ഓരോ ഗദയുമുണ്ടായിരുന്നു. അവർ ഗദ ചുഴററിക്കൊണ്ട് മുന്നോട്ടടുത്തു്, ധൈര്യത്തോടും സാമത്ഥ്യത്തോടുംകൂടി അടവുകൾ കാണിച്ചുതുടങ്ങി. അങ്ങിനെ സിംഹങ്ങളെപ്പോലെ പരസ്പരം ആക്രമിക്കാനുള്ള തക്കം പാർത്തുനിന്നു. ഗദകൊണ്ടുള്ള ഓരോ അടിയേയും അവർ പട്ടക്കുററൻ പരിചകൾകൊണ്ട് തട്ടുത്തു. ദശ്കന്മാർ അല്പനേരത്തേയ്ക്ക് സ്തബ്ധരായി. അവർ രണ്ടു ബലവാന്മാരേയും പ്രശംസിച്ചു. എന്നാൽ ക്രമേണ രണ്ടു പക്ഷംപിടിച്ച് സംസാരിക്കാൻ തുടങ്ങി. ദ്രോണാചാര്യൻ ഗദായുദ്ധം നിർത്തുവാൻ കല്പന നൽല്കി. അങ്ങിനെ അതവസാനിച്ചു.

ദുര്യോധനനും ഭീമനും പോയതിനു ശേഷം അർജ്ജുനൻ രംഗത്തിൽവന്നു. ദ്രോണാചാര്യന്റെ ഏററവും പ്രിയപ്പെട്ട ശിഷ്യനാണ് അർജ്ജുനൻ. അർജ്ജുനന്റെ തീവ്രബുദ്ധിയും സാമത്ഥ്യവും പരിശ്രമശീലവും സ്ഥൈര്യവും ദ്രോണാചാര്യരെ അത്യധികം ആകഷിച്ചു. തനിക്കറിയുന്ന വിദ്യകളെല്ലാം അദ്ദേഹം അർജ്ജുനന്നു് വശമാക്കി. കുന്തീപുത്രനായ അർജ്ജുനൻ രംഗത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അതിഗംഭീരമായ കയ്യടി ഉണ്ടായി. ഗാന്ധാരി കുന്തിയോടും ധൃതരാഷ്ട്രർ വിദുരനോടും കാര്യമെന്തെന്നു് അന്വേഷിച്ചു. ദശ്കന്മാർ എഴുന്നേറ്റുനിന്നു് അർജ്ജുനനെ നോക്കിത്തുടങ്ങി.

അപ്പോഴെയ്ക്കും ദ്രോണാചാര്യന്റെ കല്പനയനുസരിച്ച് അർജ്ജുനൻ തന്റെ ആയുധവിദ്യകൾ പ്രകടി

പ്പിയ്ക്കുവാൻ തുടങ്ങി. ചതുരനായ ആ യുവാവിൻെറ ആയു ധാഭ്യാസത്തെപ്പററി എങ്ങിനെ വണ്ണിയ്ക്കേണ്ടു ! ആഗ്നേ യാസ്ത്രംകൊണ്ട് തീ കത്തിയ്ക്കുന്നതും ഉടൻതന്നെ വരുണാ സ്ത്രംകൊണ്ട് അതിനെ കെട്ടുത്തുന്നതും മററും ജനങ്ങൾ നോക്കിനിന്നു. ചിലപ്പോൾ കൊച്ചുരൂപത്തിൽ പ്രത്യക്ഷ പ്പെട്ടുന്ന അദ്ദേഹം മററുചിലപ്പോൾ വിരാട്രൂപം ധരി യ്ക്കുന്നു. പവ്വതങ്ങളെ തവിട്ടു പൊടിയാക്കാൻ പര്യാപ്ത മായ ബാണങ്ങൾ അദ്ദേഹം പ്രയോഗിയ്ക്കുകയുണ്ടായി. അപ്രകാരംതന്നെ ചെറു കാయ്യനികളെ മുറിച്ചിട്ടുവാൻ പററിയ ബാണങ്ങളും അയച്ചു. കാളയുടെ കൊമ്പിൽ കൂടി ഒരു ചെറിയ ദ്വാരമുണ്ടാക്കിക്കൊണ്ട് കടന്നുപോ കുന്ന അസ്ത്രത്തേയും ഇടിവെട്ടലിൻെറ ശബ്ദത്തോട്ടുകൂടിയ മേഘാസ്ത്രത്തേയും അജ്ജുനൻ പ്രയോഗിയ്ക്കുകയുണ്ടായി.

ദശ്കന്മാർ അല്പസമയത്തേയ്ക്ക് പ്രതിമകളെ പ്പോലെ സ്തബ്ധരായി നിലകൊണ്ടു. കുന്തിയുടെ സന്തോ ഷത്തിന്ന് അതിരുണ്ടായിരുന്നില്ല. ഭീഷ്മൻ, കൃപാചാ ര്യൻ തുടങ്ങിയവർ അജ്ജുനനേയും ദ്രോണരേയും പ്രശം സിയ്ക്കുവാൻ തുടങ്ങി. ദ്രോണാചാര്യക്ക് തൻെറ ജീവിതാ ഭിലാഷം സഫലമായതുപോലെ തോന്നി.

അജ്ജുനൻ അഭ്യാസം അവസാനിപ്പിച്ചു. നാലു സഹോദരന്മാരും അജ്ജുനൻെറ ചുററും വന്നു നിന്നു. അജ്ജുനൻ ദ്രോണാചാര്യനെ നമസ്കരിച്ച് അനു ഗ്രഹം വാങ്ങി. ദുര്യോധനനും സഹോദരന്മാരും ഒരു മൂലയിൽ നിന്നുകൊണ്ട് ഇതെല്ലാം കാണുകയായിരുന്നു.

ആ സമയത്ത് വാതില്ക്കൽ ഒരു വലിയശബ്ദം കേട്ടു. ജനങ്ങളുടെ ദൃഷ്ടികൾ അങ്ങോട്ടാകഷിയ്ക്കപ്പെട്ടു. ഒരു യുവാവ് ആയുധങ്ങൾ ധരിച്ച് മുന്നോട്ടുവരുന്നു.

ആയാൾ അഭ്യാസസ്ഥലത്ത് വന്നുനിന്ന് ഇങ്ങിനെ വിളിച്ചുപറഞ്ഞു:– "അർജ്ജുനാ, നീ ഇവിടെ കാണിച്ച അഭ്യാസങ്ങളെല്ലാം ഞാൻ കാണിയ്ക്കാം. മാത്രമല്ല അവയേക്കാൾ മികച്ച വിദ്യകൾ പ്രദർശിപ്പിയ്ക്കുവാനും എനിയ്ക്ക് കഴിവുണ്ട്. നോക്കിക്കൊൾക."

ഇത്രയുംപറഞ്ഞു ആ യുവാവ് അഭ്യാസങ്ങൾ കാണിയ്ക്കുവാൻ തുടങ്ങി. അതുകണ്ടപ്പോൾ ദർശകന്മാർ ആശ്ചര്യഭരിതരായി. ദ്രോണാചാര്യൻ മിഴിച്ചു നോക്കി നില്പായി. പാണ്ഡവന്മാരും അർജ്ജുനനും നിശ്ചലരായി ഇതെല്ലാം കണ്ടുകൊണ്ടുനിന്നു. ഭീഷ്മരും കൃപാചാര്യനും അത്ഭുതപരതന്ത്രരായി.

ദർശകന്മാരുടെ ഏകാഗ്രതയെ ഭഞ്ജിച്ചുകൊണ്ട് ആ യുവാവ് വീണ്ടും പറഞ്ഞു:– "അല്ലയോ അർജ്ജുനാ! രാജകുമാരന്മാരുടെ കൂട്ടത്തിൽവെച്ച് കേമനാണ് നീയെന്ന് പറയപ്പെട്ടുന്നു, ദ്രോണാചാര്യർ നിന്നെ പ്രധാന ശിഷ്യനായി അംഗീകരിച്ചിട്ടുണ്ട്. അതിനാൽ നിന്നെ ഞാൻ ദ്വന്ദ്വയുദ്ധത്തിന്ന് ക്ഷണിയ്ക്കുന്നു. ഈ ക്ഷണം സ്വീകരിച്ച് എന്നോട് ദ്വന്ദ്വയുദ്ധം ചെയ്യുക!"

അതു കേട്ടപ്പോൾ ദുര്യോധനന്ന് വളരെ സന്തോഷമായി. ആയാൾ ഇങ്ങിനെ ചിന്തിയ്ക്കുവാൻ തുടങ്ങി:– "നന്നായി. അർജ്ജുനന്റെ ഗർവ്വ് ഒന്നു ശമിയ്ക്കട്ടെ." ഭീമനും സഹദേവനും ആ യുവാവിനെ തീക്ഷ്ണമായി നോക്കി. ദ്രോണാചാര്യർക്ക് ഇതു ഒരശുഭസൂചകമായി തോന്നി. കാണികളുടെ ഉൽക്കണ്ഠ വർദ്ധിച്ചു. ഇതിന്റെ പരിണാമമെന്തെന്നറിവാൻ അവർ വെമ്പുകയായിരുന്നു.

ആ സമയത്തു കൃപാചാര്യർ എഴുന്നേററുനിന്ന് ഇങ്ങിനെ പറഞ്ഞു:– "അല്ലയോ യുവാവേ! പാണ്ഡു

No. 11386

രാജാവിൻെറയും കുന്തീദേവിയുടെയും പുത്രനാണ് അജ്ജുനൻ. ആയാൾ ക്ഷത്രിയനും ദ്രോണാചാര്യൻെറ ശിഷ്യനുമാണ്. അതിനാൽ അജ്ജുനനോട് ദ്വന്ദ്വയുദ്ധം ചെയ്യണമെങ്കിൽ ഒന്നാമതായി നീ നിൻെറ വംശവും ഗോത്രവും എന്തെന്ന് വെളിപ്പെടുത്തണം.''

കൃപാചാര്യൻെറ വാക്കുകൾ കേട്ടപ്പോൾ ആ യുവാവ് അല്പനേരം സ്തബ്ധനായി നിലകൊണ്ടു. എന്നാൽ മദ്ധ്യാഹ്നസൂര്യനെനോക്കി ആയാൾ എഴുന്നേററുനിന്ന് ഇങ്ങിനെ പറഞ്ഞു:- ''ഈ അഭ്യാസക്കളം ക്ഷത്രിയന്മാർക്ക് മാത്രമുള്ളതല്ല. ഇവിടെ പരാക്രമശാലികളായ എല്ലാവരും ക്ഷത്രിയന്മാരാണ്. അജ്ജുനൻ ഒരു യഥാത്ഥ ക്ഷത്രിയപുത്രനാണെങ്കിൽ എൻെറ മുമ്പിൽ വരട്ടെ. ക്ഷത്രിയരക്തം ദേഹത്തിലുണ്ട് എന്ന് പറഞ്ഞതുകൊണ്ടു മാത്രം കാര്യമായില്ല. രക്തത്തിൻെറ കാര്യത്തിൽ അഭിമാനം വെച്ചുപുലത്തുന്നത് കാട്ടുജന്തുക്കൾക്ക് മാത്രമേ യോജിക്കുകയുള്ളു. ഇത്തരം ഭീരുക്കളുടെ വാക്കുകളെ അജ്ജുനൻ അനുസരിക്കുകയില്ലെന്നാണ് ഞാൻ കരുതുന്നത്. ഒരു യഥാത്ഥ വീരനാണ് അജ്ജുനനെന്ന് ഞാൻ വിശ്വസിക്കുന്നു.''

യുവാവിൻെറ വാക്കുകൾ ദുര്യോധനൻെറ കണ്ണുകളിൽ തേൻമഴ പെയ്യിച്ചു. അയാൾ തൻെറ കൂട്ടുകാരോടൊന്നിച്ച് യുവാവിൻെറ അടുക്കലേക്കുചെന്നു. അപ്പോൾ ഭീമൻ അത്യുച്ചത്തിൽ ഇങ്ങിനെ വിളിച്ചുപറഞ്ഞു :-

''വീരസ്യം പറഞ്ഞുനടക്കുന്ന യുവാവെ, നിൻ്റെ ജാതി എന്താണെന്ന് ആദ്യം പറയുക. രാജപുത്രന്മാർ വഴിയിൽകൂടി പോകുന്നവരോടെല്ലാം ദ്വന്ദ്വയുദ്ധം ചെയ്യു

ക പതിവില്ല. പ രാക്രമം കാ ണി ക്കാ ൻ വ ന്ന ഒരു യോഗ്യൻ !"

ഭീമൻെറ വാക്കുകേട്ട് ദുര്യോധനൻ തൻെറ കൂട്ടാളികളുടെ ഇടയിൽനിന്ന് മുമ്പോട്ടുവന്ന് ഇപ്രകാരം പറഞ്ഞു:– "ഈ യുവാവ് ഒരു രാജാവല്ലാത്തതു കൊണ്ടാണ് അർജ്ജുനൻ ദ്വന്ദ്വയുദ്ധത്തിന്ന് ഒരുങ്ങാത്തത്. അതുകൊണ്ടു ഞാൻ ഈയാളെ അംഗദേശത്തിലെ രാജാവാക്കുന്നു." ഇങ്ങിനെ പറഞ്ഞ ഉടൻതന്നെ ദുര്യോധനൻ യുവാവിന്നു രാജപട്ടം നൽകുകയും ആയാളെ അംഗരാജാവെന്ന് സംബോധന ചെയ്യുകയും ചെയ്തു.

ഇതു ജനങ്ങളുടെ ഇടയിൽ ഒരു കോളിളക്കമുണ്ടാക്കിത്തീർത്തു. ചിലർ അർജ്ജുനൻെറ പക്ഷവും മററു ചിലർ പ്രസ്തുത യുവാവിൻെറ പക്ഷവും പിടിച്ചു സംസാരിയ്ക്കുവാൻ തുടങ്ങി. ചിലർ ദുര്യോധനനേയും ചിലർ ഭീമനെയും പ്രശംസിച്ചു. സ്ത്രീകളുടെ ഇടയിൽ ഇരുന്നിരുന്ന കുന്തീദേവി ഇതെല്ലാംകണ്ട് അമ്പരന്ന് ബോധരഹിതയായി നിലംപതിച്ചു.

അപ്പോഴെയ്ക്കും അധിരഥൻ അവിടെ വന്നെത്തി. തൻെറ പുത്രനായ വസുഷേണൻ അംഗദേശാധിപനായി എന്നുകേട്ടപ്പോൾ ആയാൾക്ക് അത്യധികം സന്തോഷമുണ്ടായി. ആയാൾ പുത്രനെ മാറോടണച്ചു. യുവാവ് അധിരഥൻെറ പുത്രനല്ലാതെ മററാരുമല്ലെന്ന് മനസ്സിലായപ്പോൾ ജനങ്ങളുടെ ആശ്ചര്യത്തിന്ന് ഒരതിരുണ്ടായിരുന്നില്ല. ഭീമൻ മുമ്പോട്ടുവന്ന് ഇങ്ങിനെ പറഞ്ഞു:–

"അല്ലയോ സൂതപുത്രാ! അർജ്ജുനനോടു കിട പിടിയ്ക്കണമെന്നാണ് നിൻെറ ആഗ്രഹം. എന്നാൽ അച്ഛൻെറ തൊഴിൽചെയ്തു ജീവിക്കുകയാണ് നിനക്കു

നല്ലതു്. ആയുധവിദ്യ നിനക്കു വിധിച്ചതല്ല. നിന്നോടു യുദ്ധം ചെയ്യുന്നതു ക്ഷത്രിയന്മാർ വളരെ ഹീനമായിട്ടാണു കരുതുന്നതു.''

ദുര്യോധനൻ:- ഭീമാ, നീ മിണ്ടാതിരിക്കുക. മഹാപുരുഷന്മാരുടെയും നദികളുടെയും ഉത്ഭവത്തെ മനസ്സിലാക്കുക എന്നതു പ്രയാസമേറിയ ഒരു കൃത്യമാണു്. പാണ്ഡവന്മാരായ നിങ്ങൾ എങ്ങിനെയാണു് ഉണ്ടായയതെന്നു് അറിയാത്തവർ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. ഇനി ഇതിനെപ്പററി കൂടുതൽ സംസാരിക്കാതിരിക്കുകയാണു് നല്ലതു്,

അപ്പോഴേക്കും ഭീഷ്മൻ, കൃപാചാര്യർ, ധൃതരാഷ്ട്രൻ എന്നിവർ എഴുന്നേററു പോകാൻ തുടങ്ങി. സദസ്സിലുണ്ടായിരുന്ന ജനങ്ങളും ഓരോരുത്തരായി എഴുന്നേററുപോയി. ഗാന്ധാരിയും കുന്തിയും അന്ത:പുരത്തിലേക്കു് തിരിച്ചു. ഒടുവിൽ കർണ്ണനും കൌരവന്മാരുംമാത്രം അവിടെ അവശേഷിച്ചു.

കർണ്ണൻ:- രാജകുമാരനായ ദുര്യോധന! അങ്ങയോട് ഞാൻ എന്നും കടപ്പെട്ടവനായിരിക്കുന്നു. സൂതപുത്രനായ എന്നെ അങ്ങ് അംഗദേശാധിപനാക്കി ഉയർത്തി. ജീവിതം മുഴുവൻ ഞാൻ അങ്ങയുടെ സേവനത്തിനു വേണ്ടി ഇതാ അർപ്പിക്കുന്നു.

കർണ്ണനെ ആലിംഗനം ചെയ്തുകൊണ്ടു് ദുര്യോധനൻ പറഞ്ഞു :- ''സഹോദര ! അത്രവലിയ ഒരു കാര്യമൊന്നും ഞാൻ ചെയ്തിട്ടില്ല. ക്ഷത്രിയസ്ത്രീയുടെ ഗർഭത്തിൽ നിന്നു് ജനിച്ചവൻ വലിയവനെന്നും അന്യസ്ത്രീകളിൽ ജനിച്ചവൻ ചെറിയവനെന്നും കരുതുന്നതു മഹാ പാപമാണെന്നു് ഞാൻ വിചാരിക്കുന്നു. അതെനിക്കു സഹി

പ്പാൻ സാദ്ധ്യമല്ല. വലിയപ്രവൃത്തി ചെയ്യുന്നവൻ വലിയവനും നീചപ്രവൃത്തി ചെയ്യുന്നവൻ ചെറിയവനുമാണ്. ഞാൻ അങ്ങിനെയാണ് കരുതുന്നതു്.

കൎണ്ണൻ:– എന്നാലും അങ്ങ് എൻെറ പക്ഷം പിടിച്ചു പ്രവൎത്തിച്ചു. അതിനു് ഞാൻ അങ്ങയോടു കടപ്പെട്ടവനാണ്. അങ്ങ് പറയുന്ന ഏതു കാൎയ്യവും ചെയ്യുവാൻ ഞാൻ സന്നദ്ധനുമാണ്.

ദുര്യോധനൻ;– എനിക്കു് യാതൊന്നും ആവശ്യമില്ല. നിങ്ങളുടെ സ്നേഹം മാത്രം ഉണ്ടായിരുന്നാൽ മതി.

കൎണ്ണൻ:–സ്നേഹമുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. രാധാപുത്രനായ ഞാനെവിടെ? ധൃതരാഷ്ട്രമഹാരാജാവിൻെറ പുത്രനായ അങ്ങെവിടെ? ഈ സഭാമണ്ഡപവും ആയുധാഭ്യാസവും മററും കാണുവാൻപോലും യോഗ്യതയില്ലാത്തവനാണ് ഞാൻ. അംഗദേശാധിപനാകുന്നതിന്നു് എന്തുകൊണ്ടും എനിക്കു യോഗ്യതയില്ല. എന്നാൽ ഈശ്വരൻെറ മായയാണ് നമ്മെ ഇങ്ങിനെ അടുപ്പിച്ചതു്. അങ്ങയുടെ സ്നേഹം സമ്പാദിക്കുവാൻ വേണ്ടിയായിരിക്കുമോ ഈശ്വരൻ എന്നെ ഇങ്ങോട്ടയച്ചതു്? ഇന്നുമുതൽ കൎണ്ണൻ ദുര്യോധനൻെറ ആപ്തമിത്രമാണെന്നു് ഞാൻ വാക്കു തരുന്നു. സൂൎയ്യഭഗവാനെസാക്ഷിയാക്കികൊണ്ട് സ്ഥാപിച്ച ഈ മൈത്രി എന്നെന്നും നിലനില്ക്കട്ടെ.

ഇത്രയും പറഞ്ഞു കൎണ്ണൻ ദുര്യോധനൻെറ കൈ പിടിച്ചു. കൌരവന്മാരെല്ലാവരും തങ്ങളുടെ ഈ പുതിയ സ്നേഹിതനെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ടു് ഗൃഹത്തിലേക്കു് മടങ്ങി.

മൂന്നു്

## 'ഞാൻ സൂതപുത്രനെ വരിയ്ക്കുകയില്ല'

ദ്രൗപദിയുടെ സ്വയംവരമാണു്. ദ്രുപദരാജാവിന്റെ യജ്ഞത്തിൽനിന്നു് ഉണ്ടായതാണു് ദ്രൗപദി. വിവിധ രാജ്യങ്ങളിൽനിന്നും രാജാക്കന്മാർ സ്വയംവരത്തിന്നു എത്തിച്ചേൎന്നിരുന്നു. അവൎക്കുപുറമെ വൈതാളികന്മാർ, പൌരാണികന്മാർ, മല്ലന്മാർ, ബ്രാഹ്മണർ എന്നിവരും വന്നു ചേൎന്നിട്ടുണ്ടായിരുന്നു.

നഗരത്തിന്റെ പുറത്തുള്ള വിശാലമായ മൈതാനത്തിലായിരുന്നു സ്വയംവരമണ്ഡപം നിൎമ്മിച്ചിരുന്നതു്. അതിന്റെ കവാടങ്ങൾ തോരണങ്ങളാലും പതാകകളാലും അലംകൃതമായിരുന്നു. സാമ്പ്രാണിയും ചന്ദനത്തിരിയും കത്തിച്ച പുകയുടെ സുഗന്ധം ദിക്കുകളെല്ലാം വ്യാപിച്ചിട്ടുണ്ടു്. രാജാക്കന്മാൎക്കും മഹാരാജാക്കന്മാൎക്കും

ഇരിയ്ക്കുന്നതിന്നു് സിംഹാസനങ്ങൾ ഒരുക്കിവെച്ചിരുന്നു. നഗരവാസികൾക്കു് പ്രത്യേകമായ സ്ഥലം നിർമ്മിച്ചിട്ടുണ്ടു്. ദക്ഷിണ കൊതിച്ചു വന്നിരുന്ന ദരിദ്രരും ശോഷിച്ചവരും ആയ കുറെ ബ്രാഹ്മണരും ഒരു മൂലയിൽ ഇരിപ്പുണ്ടായിരുന്നു.

സ്വയംവരമുഹൂർത്തമായി. ദ്രൌപദിയുടെ സഹോദരനായ ധൃഷ്ടദ്യുമ്നൻ സഭാമണ്ഡപത്തിൽ വന്നു് ഗംഭീരസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:- "രാജാക്കന്മാരെ, മഹാരാജാക്കന്മാരേ, ഈ വില്ലു് നിങ്ങൾ കണ്ടിട്ടുണ്ടായിരിയ്ക്കും. അതെടുത്തു് ഈ യന്ത്രത്തിന്റെ ദ്വാരത്തിൽക്കൂടി മുകളിൽ ഘടിപ്പിച്ച ലക്ഷ്യത്തെ അഞ്ചു ബാണങ്ങൾ അയച്ചു് നിലത്തു വീഴ്ത്തുന്ന ആളുടെ കണ്ഠത്തിൽ എന്റെ സഹോദരി മാലയിടുന്നതായിരിയ്ക്കും."

ദ്രൌപദിയെ ലഭിയ്ക്കുവാൻ രാജാക്കന്മാരെല്ലാം കൊതിച്ചിരുന്നു. ദുര്യോധനനും സഹോദരന്മാരും കർണ്ണനും അവിടെ ഹാജരുണ്ടു്. ഗാന്ധാരത്തിൽനിന്നു് ശകുനിയും വന്നിട്ടുണ്ടു്. അശ്വത്ഥാമാവും വിരാടനും എത്തിച്ചേർന്നു. ചേകിതാനനും ഭഗദത്തനും തികഞ്ഞ പ്രതീക്ഷയോടുകൂടിയാണു് ഇരുന്നിരുന്നതു്. കങ്കനും ശങ്കനും സമയം പാർത്തിരിയ്ക്കുകയാണു്. ജരാസന്ധനേയും ശിശുപാലനേയും അവരുടെ അഹങ്കാരം അങ്ങോട്ടാകർഷിക്കാതിരുന്നില്ല.

ധൃഷ്ടദ്യുമ്നന്റെ വാക്കുകേട്ടു് രാജാക്കന്മാർ ഓരോരുത്തരായി അവരുടെ പരാക്രമങ്ങൾ പ്രദർശിപ്പിച്ചു തുടങ്ങി. എന്നാൽ വില്ലു കുലയ്ക്കുവാൻപോലും ആർക്കും സാധിച്ചില്ല. രാജാക്കന്മാർ വില്ലുവളച്ചു് ഞാണിടുവാൻ ശ്രമിയ്ക്കുമ്പോൾ വില്ലിന്റെ മുനമ്പു് അവരുടെ

നെഞ്ചത്ത് ശക്തിയായി അടിക്കുകയും അങ്ങിനെ അവരിൽ പലരും ബോധരഹിതരായി നിലം പതിക്കുകയും ചെയ്തിരുന്നു. കിരീടം ഒരു ഭാഗത്തേക്കും ഭൂഷണങ്ങൾ മററു ഭാഗത്തേക്കും തെറിച്ചുവീണു. ബോധം വന്നാൽ ഇളിഭ്യരായി അവരവരുടെ സ്ഥാനത്തുചെന്ന് ഇരിക്കുകയും ചെയ്തിരുന്നു. ശല്യമഹാരാജാവ് വന്നു. ആയാൾക്കും ഇതേ അനുഭവമുണ്ടായി. മഹാവീരനായ ജരാസന്ധനും നിലംപതിച്ചു. ആയാളുടെ കാൽമുട്ടകളിലെ തൊലി മുഴവൻ പോയി,

അപ്പോഴാണ് രാധാപുത്രനായ കർണ്ണൻ എഴുന്നേററ് മുമ്പോട്ടുവന്നതു്. ആയാൾ വില്ലിൻെറ അടുത്തു ചെന്നു. കാഴ്ചക്ക് അതിസുന്ദരനായ ഒരാളായിരുന്നു കർണ്ണൻ. ഗംഭീരഭാവത്തോട്ടകൂടിയുള്ള ആ നടത്തം ആരേയും ആകർഷിക്കും. ആയാളുടെ മുഖത്ത് ആത്മവിശ്വാസം കളിയാടുന്നുണ്ടു്. കർണ്ണൻ വില്ലിന്മേൽ കൈ വെച്ചപ്പോൾ ലക്ഷ്യം പിഴക്കുകയില്ലെന്ന് എല്ലാവർക്കും തോന്നി. എന്നാൽ ദ്രൌപദിയെ വിവാഹം ചെയ്യാൻ കർണ്ണന് വിധിയുണ്ടായിരുന്നില്ല.

ദ്രുപദൻെറ പുത്രിയും അതിസമർത്ഥനായ ധൃഷ്ടദ്യുമ്നൻെറ സഹോദരിയുമാണ് ദ്രൌപദി. യജ്ഞത്തിൽ നിന്നാണവളുടെ ജനനം. കർണ്ണൻ വില്ലുകുലക്കുന്നതു കണ്ടപ്പോൾ ദ്രൌപദി മുമ്പോട്ടുവന്ന് പെട്ടെന്ന് പറഞ്ഞു:—"ഞാൻ സൂതപുത്രനെ വരിക്കുകയില്ല."

കർണ്ണൻെറ ദേഹംമുഴവൻ വിറച്ചു. തേജസ്വിയും അംഗരാജനും ആയുധവിദ്യയിൽ നിപുണനും കവചകുണ്ഡലധാരിയും ആയ കർണ്ണൻെറ തേജസ്സു മങ്ങി. ആയാളുടെ വീരത എങ്ങോ പോയിമറഞ്ഞു. ശരീരം കുഴഞ്ഞു

പോയി. ഇന്ദ്രിയങ്ങൾ മുഴുവൻ ചേഷ്ടാഹീനമായി പ്പോയെന്നു് ആയാൾക്കു തോന്നി. 'സൂതപുത്രൻ' 'സൂത പുത്രൻ' എന്നവാക്കു് ആയാളുടെ കർണ്ണങ്ങളിൽ പ്രതി ധ്വനിയ്ക്കുവാൻ തുടങ്ങി. ബ്രാഹ്മണരുടെയും ക്ഷത്രിയന്മാ രുടെയും മിഥ്യയായ രക്താഭിമാനത്തെ തകത്തു തരിപ്പണ മാക്കണമെന്ന ആഗ്രഹം തൽക്ഷണം ആയാളുടെ ഹൃദയ ത്തിൽ അങ്കുരിച്ചു.

എന്നാൽ അപമാനിതനായ ആയാൾ യാതൊന്നും ശബ്ദിയ്ക്കാതെ തന്റെ സ്ഥാനത്തു വന്നിരിയ്ക്കു കയാണു് ഉണ്ടായതു്.

നാലു്

# പരശുരാമൻെറ ശാപം

ആശ്രമത്തിൻെറ പുറം തിണ്ണമേൽ ഇരുന്നുകൊണ്ടു് പരശുരാമൻ പറഞ്ഞു:-"മകനേ, എൻെറ അടുത്തു് വന്നിരിക്കു."

പരശുരാമൻെറ അടുത്തു ചെന്നിരുന്നതിനുശേഷം കണ്ണൻ പറഞ്ഞു:-"ഗുരോ, എന്തുവേണമെന്നു് പറഞ്ഞാലും!"

പരശുരാമൻ:-നീ നാളെ ഇവിടെ നിന്നു് പോകയാണു്. അതിനേപ്പററി ആലോചിക്കുവാൻ പോലും എനിക്കു സാധിക്കുന്നില്ല. എൻെറ മനസ്സിൽ എന്തെല്ലാമാണു് നടക്കുന്നതെന്നു് നിനക്കറിയാമോ?

കണ്ണൻ:-എന്തുകൊണ്ടറിയുകയില്ല! അങ്ങ് എന്റെ പേരിൽ അസാധാരണമായ കരുണ കാണിച്ചു.

എനിയ്ക്കുപദേശിച്ച ദിവ്യമന്ത്രത്തിന്ന് പ്രതിഫലമായി ഞാൻ എന്താണ് നല്കേണ്ടത്? ഈ വിചാരമാണ് സദാ എന്നെ അലട്ടുന്നത്.

പരശുരാമൻ;—മകനേ, അങ്ങിനെ പറയരുത്. ഞാൻ ബ്രാഹ്മണനാണ്. വിദ്യാദാനത്തിന്ന് പ്രതിഫലം വാങ്ങുക എന്നകാര്യം ഞാൻ ചിന്തിച്ചിട്ടുപോലുമില്ല. ബ്രാഹ്മണപുത്രനായ നീ എൻെറ ഒന്നിച്ച് താമസിച്ച് ഇത്രയുംകാലം പഠിച്ചു. അതിലും വലിയ പ്രതിഫലം മറെറന്താണ്! എന്നാൽ . . . . അല്ല, അല്ല . . . . കണ്ണൻ പരശുരാമൻെറ അടുത്തു ചെന്നു പറഞ്ഞു:—"ഗുരോ, എന്താണ് അവിടെ നിർത്തിയത്? മുഴുവനും പറഞ്ഞാലും.!"

പരശുരാമൻ:—ഒന്നുമില്ല. പക്ഷേ. . . . .

കണ്ണൻ:—അങ്ങ് എന്താണ് പറയാൻ ഭാവിയ്ക്കുന്നതു്? പറഞ്ഞാലും!

പരശുരാമൻ;—കേൾക്കണമോ? ഒരു കാര്യമേ പറയാനുള്ളു. നീ എന്താണ് ഇങ്ങിനെ വിറയ്ക്കുന്നത്? നിൻെറ കണ്ണുകളിൽ ഭയമുണ്ടല്ലോ! നിൻെറ മുഖം ഇങ്ങിനെ വിളർത്തുപോയതു് എന്തുകൊണ്ടാണ്?

കണ്ണൻ:—അങ്ങയ്ക്കു് വെറുതെ തോന്നുകയാണ്. എനിയ്ക്കു്യാതൊന്നുമില്ല, അങ്ങ് ശാന്തനായി ആജ്ഞാപിച്ചാലും

പരശുരാമൻ;—നീ എൻെറ യഥാർത്ഥ ശിഷ്യനാണെങ്കിൽ ഭൂമിയിൽനിന്നു് ക്ഷത്രിയന്മാരെ ഉന്മൂലനാശം ചെയ്യണം എന്നാണ് എനിയ്ക്കു പറയുവാനുള്ളതു്.

കണ്ണൻ:—ഗുരോ. . . . .

പരശുരാമൻ:-ഞാൻ ക്ഷത്രിയരുടെ അന്തകനാണ്. എന്റെ ഈ വെൺമഴു നോക്കുക. ഇതുകൊണ്ട് ഞാൻ ഇരുപത്തിഒന്നു പ്രാവശ്യം ഭൂമുഖത്തുനിന്ന് ക്ഷത്രിയന്മാരെ നശിപ്പിച്ചിട്ടുണ്ട്. എന്റെ പേർ കേട്ടാൽ മതി, ക്ഷത്രിയസ്ത്രീകളുടെ ഗർഭമലസിപ്പോകാൻ. അത്ര വലിയ സാഹസങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്.

കണ്ണൻ:-ഗുരോ, എന്നിട്ടും ക്ഷത്രിയവർഗ്ഗം തീരെ നശിക്കുകയുണ്ടായില്ലല്ലോ.

പരശുരാമൻ:-നശിച്ചില്ല. അതുകൊണ്ട് എനിക്കു് വലിയ ഖേദമുണ്ട്. ഇരുപത്തൊന്നു തവണ ക്ഷത്രിയവംശത്തെ ഉന്മൂലനം ചെയ്തു; കാട്ടുതീയ്യ് കാട്ടിലുള്ള സർവ്വവസ്തുക്കളെയും ചുട്ടു ചാമ്പലാക്കുന്നതുപോലെ നശിപ്പിച്ചു. പക്ഷേ അവരുടെ ബീജം വീണ്ടും തഴച്ചു വളന്നു.

കണ്ണൻ:-ഗുരോ. . . . .

പരശുരാമൻ:- കേൾക്കുക. ഇരുപത്തൊന്നു തവണ,മുലകുടിക്കുന്ന ക്ഷത്രിയകുമാരന്മാരുടെ തലപോലും ഞാൻ വെട്ടിക്കളഞ്ഞു. ഇരുപത്തൊന്നുതവണ യുവതികളായ ക്ഷത്രിയസ്ത്രീകളെ ഞാൻ വിധവകളാക്കിത്തീർത്തു. ഇരുപത്തൊന്നുതവണ രക്തപ്പുഴകൾ ഞാനൊഴുക്കി. എന്നിട്ടും ക്ഷത്രിയന്മാർ നശിച്ചില്ല. ഞാൻ തോററുപോയി. ക്ഷത്രിയത്വത്തെ ഭൂമുഖത്തിൽനിന്നു് തുടച്ചുനീക്കുവാനായി ഞാൻ ചെയ്യുന്നതെല്ലാം ഈശ്വരകല്പനയ്ക്കു് വിരുദ്ധമാണെന്നു് എനിക്കു തോന്നി. അതുകൊണ്ട് ഞാൻ എന്റെ വെണ്മഴു ഈ കുടീരത്തിൽ കൊണ്ടുവന്നു്വെച്ച് തപശ്ചര്യയിൽ കഴിച്ചുകൂട്ടുകയാണു്.

കണ്ണൻ:-പിന്നെ അങ്ങ് എന്തിനാണ് ക്ഷത്രിയ ധ്വംസനം ചെയ്യുവാൻ എന്നോട് ആജ്ഞാപിക്കുന്നത്?

പരശുരാമൻ:-മകനേ! നിനക്ക് മനുഷ്യഹൃദയമറിഞ്ഞുകൂടാ. അതുകൊണ്ടാണ് ഇങ്ങിനെ ചോദിക്കുന്നതു്. വെണ്മഴ ഇവിടെ കൊണ്ടുവന്നു് വെച്ചതുകൊണ്ട് എൻെറ മനസ്സ് ശാന്തമായി എന്നാണോ നീ കരുതുന്നതു? ഇല്ല, ഒരിക്കലും ഇല്ല. അങ്ങിനെയായിരുന്നുവെങ്കിൽ ഞാൻ എന്റെ രഹസ്യവിദ്യ നിന്നെ ഒരിക്കലും പഠിപ്പിക്കുമായിരുന്നില്ല. ഞാൻ ശാന്തനായിത്തീർന്നിരുന്നുവെങ്കിൽ ഈ വിദ്യ ആൎക്കുംതന്നെ ഉപദേശിക്കുമായിരുന്നില്ല. അതു രഹസ്യമായിത്തന്നെ വെക്കുമായിരുന്നു.

കണ്ണൻ:-ഞാൻ ക്ഷത്രിയനായിരുന്നുവെങ്കിൽ ഈ വിദ്യ അങ്ങ് എനിക്ക് ഉപദേശിച്ചുതരുമായിരുന്നുവോ?

പരശുരാമൻ:-ഇതിനുള്ള മറുപടി നീ തന്നെയാണ്. ബ്രാഹ്മണപുത്രനല്ലാതെ ഞാൻ മററാൎക്കുംതന്നെ എൻെറ വിദ്യയെ പഠിപ്പിച്ചുകൊടുക്കുന്നതല്ല. മറുവല്ലവനാണ് പഠിക്കാൻ വരുന്നതെങ്കിൽ ഞാൻ അവനെ ഭസ്മമാക്കിക്കളയും. പക്ഷേ, നീ ബ്രാഹ്മണനാണ്. എന്തിനാണ് തലതാഴ്ത്തുന്നത്? ഈ ലോകത്തിൽ ഏററവും ശ്രേഷ്ഠതരമായിട്ടുള്ളത് ബ്രാഹ്മണജന്മമാണ്. നിന്നെ കണ്ട ഉടനേ ഞാൻ ചെയ്തുവെച്ച കാര്യം പൂൎത്തിയാക്കാൻ നിനക്കു കെല്പുണ്ടെന്നു് എനിക്കുതോന്നി. അതുകൊണ്ടാണ് ഞാൻ എല്ലാ വിദ്യകളും നിന്നെ പഠിപ്പിച്ചത്.

കണ്ണൻ:-ഗുരോ, അങ്ങ് വളരെ ക്ഷോഭിച്ചിരിക്കുന്നു. അല്പം ശാന്തനായിരുന്നാലും! അതിനുശേഷം

അങ്ങ് പറയുന്നതെല്ലാം അനുസരിക്കുവാൻ ഞാൻ ഒരുക്കമാണ്.

പരശുരാമൻ:-നീ ഇവിടെ വരുന്നതിനുമുമ്പ് ഞാൻ തികച്ചും ശാന്തനായിരുന്നു. ഒരു സുപ്രഭാതത്തിൽ നീ ഇവിടെവന്നു. അന്ന് നീ ക്ഷത്രിയപുത്രനാണ് എന്ന് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ശാന്തനാകുമായിരുന്നു. അന്ന് വൈശ്യപുത്രനാണ് നീയെന്ന് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ശാന്തനാകുമായിരുന്നു. ശൂദ്രപുത്രനാണെന്ന് പറഞ്ഞിരുന്നുവെങ്കിലും ഞാൻ ശാന്തനാകുമായിരുന്നു. പക്ഷേ നീ ബ്രാഹ്മണപുത്രനാണെന്ന് പറഞ്ഞു. അങ്ങിനെ എന്റെ ഹൃദയത്തിൽ കെട്ടടങ്ങിക്കിടന്നിരുന്ന തീയ്യ് വീണ്ടും ആളിക്കത്തി. അതിന്റെ മീതെയുണ്ടായിരുന്ന ചാരം പറന്നുപോയി. ഞാൻ സ്വയം ആളിക്കത്തി. ആ കത്തലിലാണ് നിനക്ക് വിദ്യയുപദേശിച്ചത്. എന്നേപ്പോലെ ഒരു യഥാർത്ഥ ബ്രാഹ്മണനായിത്തീരണം നീയെന്ന ആഗ്രഹംകൊണ്ട് ഞാൻ ഹൃദയം തുറന്ന് നിന്നോട് പെരുമാറി. എന്റെ വിദ്യ തികച്ചും ഉപയോഗിക്കുവാൻ നിനക്കു സാധിക്കുമെന്ന് ഞാൻ കരുതി. ഈ വിശ്വാസത്തോട്ടുകൂടിയാണ് നിന്നെ ഞാൻ നാളെ പുറത്തേയ്ക്കയയ്ക്കുന്നത്. എന്നിട്ടുവേണം എനിയ്ക്ക് നിശ്ചിന്തനായി കുറെ ഉറങ്ങുവാൻ.

കർണ്ണൻ:-ഗുരോ, അങ്ങ് വളരെ അസ്വസ്ഥനായി കാണപ്പെട്ടുന്നു. അല്പം വിശ്രമിച്ചാലും! കല്പിക്കാനുള്ളത് പിന്നീടാകാം.

പരശുരാമൻ:-നാളെ വിശ്രമിക്കണമെന്നു തന്നെയാണ് കരുതുന്നത്. എന്നാൽ രക്തംകൊണ്ട് പങ്കിലമായതാണ് എന്റെ കൈകൾ. അങ്ങിനെയുള്ള

വക്കു എങ്ങിനെ വിശ്രമിയ്ക്കുവാൻ കഴിയും? എന്റെ കയ്യിനും കാലിനും വെൺമഴുവിനും ഒരുപക്ഷെ വിശ്രമിയ്ക്കുവാൻ കഴിഞ്ഞെന്നുവരും. പക്ഷേ എന്റെ ആത്മാവിന്നു് വിശ്രമിയ്ക്കുക സാദ്ധ്യമല്ല. നിന്റെ പ്രവൃത്തി കൊണ്ടു് മാത്രമെ അതിന്നു് വിശ്രമം ലഭിയ്ക്കുകയുള്ളു.

കർണ്ണൻ:-ഗുരോ, അങ്ങു് കുറച്ചുനേരം ശയിച്ചാലും. ഇല്ലെങ്കിൽ ഞാൻ ഇവിടെനിന്നു് പോകുന്നതല്ല. അങ്ങയുടെ അസ്വാസ്ഥ്യം കാണുവാൻ എന്നാൽ സാദ്ധ്യമല്ല.

പരശുരാമൻ:-ശരി, നിന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങിനെയാകട്ടെ.

കർണ്ണൻ:-അങ്ങു് എന്റെ മടിയിൽ തലവെച്ചു് ഉറങ്ങിയാലും!

പരശുരാമൻ:-മകനേ, നീ എന്നെ തെറ്റിദ്ധരിപ്പിച്ചതാണോ? അല്ല, നീ ബ്രാഹ്മണൻ തന്നെയാണു്. നിന്റെ ശരീരത്തിൽ ഗായത്രിയുടെ തേജസ്സുണ്ടു്. ഞാൻ ബ്രാഹ്മണനാണെന്നു് എന്നോടു് ഒരിയ്ക്കലെങ്കിലും പറഞ്ഞാൽ മതി. പിന്നെ എനിയ്ക്കു് യാതൊന്നുംതന്നെ ആവശ്യമില്ല. നീ കൈകളെ വിടർത്തിവെച്ചതു കാണുമ്പോൾ എനിയ്ക്കു് സംശയം തോന്നുന്നു. നിന്റെ ഔദാര്യം എന്നെ അത്ഭുതപ്പെടുത്തുന്നു. എന്നാലും ബ്രാഹ്മണർ ഭൂമി മുഴുവൻ ക്ഷത്രിയന്മാർക്കു് ദാനം ചെയ്തിട്ടുണ്ടല്ലോ. ഇതു് കുറഞ്ഞ ഔദാര്യമാണോ? നിന്റെ മുഖം കണ്ടാൽ ബ്രാഹ്മണനാണെന്നു് തോന്നുന്നു. നിന്റെ സൌന്ദര്യം ആകർഷകമാണു്. ബ്രാഹ്മണദമ്പതികളുടെ വ്രതോപവാസാദികൾകൊണ്ടാണു് നിനക്കു് കവചകുണ്ഡലങ്ങൾ ലഭിച്ചിട്ടുള്ളതു്. നീ ബ്രാഹ്മണനാണു് എന്നതിന്നു് സംശ

യമില്ല. പരശുരാമന്റെ വിദ്യ ബ്രാഹ്മണർക്കു മാത്രമെ ദഹിയ്ക്കുകയുള്ളു.

കർണ്ണന്റെ മടിയിൽ തലവെച്ച് പരശുരാമൻ അങ്ങിനെ കിടക്കുകയാണ്. അദ്ദേഹം പകുതിയുറങ്ങിയും പകുതിയുണർന്നുംകൊണ്ട് മനസ്സിലുള്ള കാര്യങ്ങൾ പറയുകയായിരുന്നു. കർണ്ണൻ വിറയ്ക്കുന്ന കൈകളേക്കൊണ്ട് ഗുരുവിന്റെ ശരീരം തലോടിക്കൊണ്ടിരുന്നു.

പെട്ടെന്ന് പരശുരാമൻ ഞെട്ടിയുണർന്നെഴുന്നേററു. അദ്ദേഹം പിൻതിരിഞ്ഞു നോക്കിയപ്പോൾ രക്തം ഒഴുകുന്നതായിക്കണ്ടു.

പരശുരാമൻ:–മകനേ, ഇതെന്താണ്? ഈ രക്തം എവിടെനിന്നുവന്നു? നിന്റെ കാലിന് എന്തു പററി?

കർണ്ണൻ എഴുന്നേററുനിന്നു. ആയാളുടെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണുകൾ ഭയവിഹ്വലമായിരുന്നു. വാക്കുകൾ ഇടറുന്നുണ്ടായിരുന്നു,

കർണ്ണൻ:–ഗുരോ . . . . . .

പരശുരാമൻ:–ഈ രക്തം എങ്ങിനെ ഉണ്ടായി?

കർണ്ണൻ:–ഗുരോ, അങ്ങ് ഉറങ്ങുന്ന അവസരത്തിൽ ഒരു വണ്ട് ഇവിടെയ്ക്ക് പറന്നുവന്നു.

പരശുരാമൻ:–എന്നിട്ട്?

കർണ്ണൻ:–ആ വണ്ട് എന്റെ തുടയിൽ കുത്തി.

പരശുരാമൻ:–നീ അതിനെ ആട്ടിക്കളയാഞ്ഞതെന്താണ്?

കണ്ണൻ:–ഞാൻ അതിനെ കുറെ ആട്ടിനോക്കി. പക്ഷെ, അത് കൊമ്പുകളെ എന്റെ തുടയിലേയ്ക്ക് ശക്തിയായി തുളച്ചു കയററുകയാണ് ചെയ്തത്. വലിയൊരു മുറിവുണ്ടാക്കി അത്.

പരശുരാമൻ:–ഇത്രവലിയ മുറിവുപററിയിട്ടും നീ ഒന്നും പറഞ്ഞില്ലല്ലോ. ഇളകിയതുപോലുമില്ല.

കണ്ണൻ:–അങ്ങയുടെ ഉറക്കത്തിന്നു് വിഘ്നം വരരുതെന്നു് കരുതിയാണു് ഞാൻ ഇളകാതിരുന്നതു്.

ഇതു കേട്ടപ്പോൾ പരശുരാമൻ കുറച്ചുനേരം മിണ്ടാതിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് ഗഹനചിന്തയിൽ മുഴുകി. ഉടൻതന്നെ കണ്ണുകളടഞ്ഞു. അല്പനേരത്തിനുശേഷം കണ്ണുകൾ തുറന്നു. അവയിൽനിന്നു് തീപ്പൊരികൾ ചിതറുന്നുണ്ടായിരുന്നു.

പരശുരാമൻ:–സത്യം പറയൂ, നീ ആരാണു്?

കണ്ണൻ:–ഗുരോ, അങ്ങു് എന്താണീചോദിക്കുന്നതു്? ഞാൻ അങ്ങയുടെ ശിഷ്യൻ.....

പരശുരാമൻ:–നിന്റെ വർണ്ണമെന്തെന്നു് എനിക്കുറിയണം.

കണ്ണൻ:–ബ്രാ.....ഹ്മ.......

പരശുരാമൻ:–സത്യം പറയുകയാണു് നല്ലതു്. നീ ബ്രാഹ്മണനല്ല. വേഗം പറയണം. ഇല്ലെങ്കിൽ നിന്നെ ഞാൻ ഭസ്മമാക്കിക്കളയും.

കണ്ണൻ ഭയപ്പെട്ടു. ആയാളുടെ ദേഹം മുഴുവനും വിയർത്തുപോയി. കണ്ണുകൾ ഇരുട്ടടച്ചു. അവയവ

ങ്ങൾ കുഴഞ്ഞുതുടങ്ങി. കണ്ഠം ഇടറി. ആയാൾക്കു് ഒര ക്ഷരംപോലും മിണ്ടുവാൻ കഴിഞ്ഞില്ല.

പരശുരാമൻ:_ഉടനേ മറുപടി പറയുകയാണു് നല്ലതു്. ഇല്ലെങ്കിൽ.......

കർണ്ണൻ:_ഗുരോ, സാരഥീപുത്രനായ കർണ്ണനാണു് ഞാൻ.

പരശുരാമൻ:_എന്തു്? സാരഥീപുത്രനോ? നീചനാണു് നീ. എൻെറ വിദ്യയെ നീ ഭ്രഷ്ടമാക്കിത്തീർത്തു. എന്നേ വഞ്ചിച്ചു. ബ്രാഹ്മണപുത്രനാണെന്നു് പറഞ്ഞ ആ നാവു് എന്തുകൊണ്ടു് മുറിഞ്ഞുവീണില്ല!

കർണ്ണൻ:_ഗുരോ, എൻെറ അപരാധങ്ങൾക്കു് മാപ്പുതന്നാലും. അർജ്ജുനനോടു് എനിക്കുണ്ടായിരുന്ന വിദ്വേഷം കാരണമായിട്ടാണു് ഞാൻ അങ്ങയുടെ അടുത്തേയ്ക്കുവന്നതു്. അങ്ങയുടെ ഔദാര്യത്തെ ഞാൻ ഒരു കാലത്തും മറക്കുന്നതല്ല.

പരശുരാമൻ:_അവസാനംവരെ നീ ബ്രാഹ്മണപുത്രനാണെന്നു് കരുതിയിരിയ്ക്കത്തക്ക വിഡ്ഢിത്തം എനിയ്ക്കുണ്ടായി. ഇപ്പോഴാണു് അങ്ങിനെയല്ലെന്നു് മനസ്സിലായതു്.

കർണ്ണൻ:_എൻെറ തെററിന്നു് അങ്ങു് മാപ്പുതരില്ലേ?

പരശുരാമൻ:_കർണ്ണാ, നീ പറയുന്നതു് യഥാർത്ഥമാണു്. ക്ഷമിയ്ക്കുക എന്നതു് ബ്രാഹ്മണധർമ്മമാണു്. അതെനിയ്ക്കു് അറിയുകയുംചെയ്യാം. മനുഷ്യൻ വിദ്വേഷബുദ്ധിയാൽ പ്രേരിതനായിത്തീരുമ്പോൾ എന്തുചെയ്യാനും മടിയ്ക്കുകയില്ലെന്ന വസ്തുതയും എനിയ്ക്കറിയാം. എന്നാൽ

വളരെ കൊല്ലങ്ങൾക്കു ശേഷം എനിയ്ക്കു് ഒരു ബ്രാഹ്മണ ശിഷ്യനെ ലഭിച്ചുവെന്നു് ഞാൻ കരുതി. അങ്ങിനെ ഞാൻ കെട്ടിപ്പട്ടത്ത ആശാസൗധം ഇന്നു് നിലംപതിച്ചു. തന്നിമിത്തം എൻെറ മനസ്സിന്നു് വലിയ വേദന തട്ടിയിരിയ്ക്കുന്നു. ഇരുപത്തൊന്നു പ്രാവശ്യം ഭൂമിയിലെ ക്ഷത്രിയന്മാരെ ഒടുക്കി ഇവിടെ വന്നപ്പോൾ ജീവിതം നശിച്ചതുപോലെയാണു് തോന്നിയിരുന്നതു്. നിൻെറ ആഗമനത്തോടുകൂടി അതു് പ്രഫുല്ലിതമായിത്തീൎന്നു. എന്നാൽ ഈശ്വരേച്ഛയ്ക്കു് വിരുദ്ധമായ ആഗ്രഹങ്ങളെ വെച്ചുപുലൎത്തുന്നവൎക്കു് ഇത്തരം നിരാശകൾ അനുഭവിയ്ക്കേണ്ടിവരും. അതിൽ അത്ഭുതപ്പെട്ടുവാനില്ല. ഇത്രമാത്രമാണു് എനിയ്ക്കുള്ള ആശ്വാസം.

കണ്ണൻ:_ഗുരോ, എനിയ്ക്കു മാപ്പു് തരണേ. ഞാൻ ഇന്നുതന്നേ ഇവിടെനിന്നു് പൊയ്ക്കൊള്ളാം. നാളെയാവാൻ നില്ക്കുന്നില്ല.

പരശുരാമൻ:_കണ്ണാ, മാപ്പുതരുന്നതിന്നു് വളരെ ആഗ്രഹം തോന്നുന്നുണ്ടു്. പക്ഷേ അതു് സാദ്ധ്യമല്ല. നിന്നെ ഞാൻ എൻെറ പ്രിയപുത്രനെപ്പോലെ കരുതി. രാത്രിയിൽ നീ ഉറങ്ങുന്ന അവസരത്തിൽ ഞാൻ നിൻെറ ചെവിയിൽ എൻെറ വിദ്യയുടെ രഹസ്യങ്ങൾ മന്ത്രിച്ചുതരാറുണ്ടായിരുന്നു. ഇതെല്ലാം ചെയ്തതു് എൻെറ വൈരാഗ്നിയെ തൃപ്തിപ്പെട്ടുത്തുവാൻ വേണ്ടിയായിരുന്നു. നീ വന്നിരുന്നില്ലെങ്കിൽ ഞാൻ തപശ്ചര്യയിൽ വളരെ മുന്നോട്ടു പോകുമായിരുന്നു.

കണ്ണൻ:_ഗുരോ, എനിയ്ക്കു് ഏതെങ്കിലും തരത്തിൽ മാപ്പുതരണം.

പരശ്ശുരാമൻ:—നിന്നെ ഞാൻ പുത്രനായി കരുതിയ അന്നുതന്നെ മാപ്പുതന്നിരിയ്ക്കുന്നു.

കണ്ണൻ:—എന്നാൽ എന്നെ അനുഗ്രഹിച്ചാലും! ഞാൻ ഇന്നുതന്നെ പോകട്ടെ.

പരശ്ശുരാമൻ:—ശാപമായോ ആശീർവ്വാദമായോ എങ്ങിനെ കരുതിയാലും ശരി; ഈ സമയത്തു് എൻെറ ഹൃദയത്തിൽനിന്നു് ഒരേ ഒരു ശബ്ദം മാത്രമാണു് പുറപ്പെട്ടുന്നതു്. ഞാൻ പഠിപ്പിച്ചുതന്ന വിദ്യ പ്രയോഗിക്കേണ്ട സമയത്തു് നിനക്കു് മറന്നുപോകുന്നതാണു്.

കണ്ണൻ:—ഗുരോ! ക്ഷമിയ്ക്കണം. ഇതു് വിഹിതമല്ല.

പരശ്ശുരാമൻ:—കണ്ണാ, കേൾക്കുക. നിൻെറ അന്ത്യകാലം അടുത്താൽ യുദ്ധക്കളത്തിൽവെച്ചു് തേരിൻെറ ചക്രം നിലത്തു് പൂന്തിപ്പോകുന്നതായിരിയ്ക്കും. ആ സമയത്തു് വിദ്യ മറന്നുപോകുകയും ചെയ്യും.

കണ്ണൻ:—ഭഗവാനേ, മതി, മതി. എൻെറ കുററങ്ങൾ പൊറുക്കണം.

പരശ്ശുരാമൻ:—ഇനി നിനക്കു് സമാധാനമായി വീട്ടിലേയ്ക്കു പോകാം. എൻെറ മനസ്സിന്നു് ഇന്നു് ശാന്തി ലഭിച്ചു. ഞാൻ സ്വന്തം പുത്രനെപ്പോലെ വളർത്തിക്കൊണ്ടുവന്ന ആ വിദ്വേഷം ഇന്നു് എൻെറ ജീവിതത്തെ ശിഥിലമാക്കിത്തീർത്തു. പ്രസ്തുത വിദ്വേഷത്തെ പൈതൃകസമ്പത്തെന്നോണം നിന്നെ ഏല്പിക്കാമെന്നാണു് ഞാൻ കരുതിയതു്. പിന്നീടു് ശാന്തിയോടുകൂടി ജീവിയ്ക്കാമെന്നു് വിചാരിച്ചു. പക്ഷേ ഈശ്വരന്നു് അതിഷ്ടമല്ല. ഇന്നു് ഞാൻ നിന്നെ ഇവിടെനിന്നു് പറഞ്ഞയയ്ക്കുന്നതുപോലെ എൻെറ ഹൃദയത്തിലെ വിദ്വേഷ

ത്തേയും യാത്രയാക്കുകയാണ്. കർണ്ണാ, കൊല്ലും കൊലയും നടത്തി മനസ്സിൻെറയും ലോകത്തിൻെറയും ശാന്തിക്കു വേണ്ടി പ്രവർത്തിയ്ക്കുന്നവരോട്\ പരശുരാമൻെറ അനുഭവങ്ങളെ വിവരിച്ചുകൊടുക്കണം. ഞാൻ അങ്ങിനെയുള്ള ശാന്തിയ്ക്കുവേണ്ടി ചെയ്തതു് ഇന്നിന്നതെല്ലാമാണെന്നു് പറയുവാൻ പ്രയാസം. പക്ഷേ, ശാന്തിയ്ക്കു പകരം അശാന്തിയാണ് എനിയ്ക്കു ലഭിച്ചതു്. നിനക്കു് അർജ്ജുനനെ വധിയ്ക്കണമെന്നുണ്ട്. അതിനാൽ ഞാൻ പറയുന്നതു് നിനക്കു് മനസ്സിലാവുകയില്ല. എന്നാൽ നിൻെറ ദുര്യോധനനും ദുശ്ശാസനനും അർജ്ജുനനും ഭീമനും യുധിഷ്ഠിരനുപോലും ഒടുവിൽ ഞാൻ പറയുന്നതു് അംഗീകരിക്കേണ്ടിവരുമെന്നു് ഓർമ്മയിരിയ്ക്കട്ടെ. അതു കൂടാതെ മറെറാരു മാർഗ്ഗവുമില്ല. ഇന്നു തന്നെ ഇതു് മനസ്സിലാക്കുന്നതാണ് നല്ലതു്. അല്ലെങ്കിൽ കൈകളിൽ രക്തം പുരണ്ടതിനു ശേഷം എന്നെപ്പോലെ ആയിത്തീരും.

കർണ്ണൻ:‒ഗുരോ, എനിയ്ക്കു് വിട തരിക. അങ്ങയുടെ കാരുണ്യം എന്നിൽ എല്ലാപ്പോഴും ഉണ്ടായിരിക്കണം.

പരശുരാമൻ;‒നിനക്കും എനിയ്ക്കും ഈശ്വരകാരുണ്യമാണ് ആവശ്യമായിട്ടുള്ളത്. നിന്നെ ഇവിടെ കൊണ്ടുവന്നു് എൻെറ ഹൃദയത്തിലെ അന്ധകാരത്തെ നീക്കണമെന്നുള്ളതായിരിയ്ക്കും ഈശ്വരമതം. മകനേ, നീ പൊയ്ക്കൊൾക. ഈശ്വരൻ നിന്നെ കാത്തുരക്ഷിയ്ക്കട്ടെ.

**അഞ്ച്**

## അമ്മയുമായുള്ള കൂടിക്കാഴ്ച

കൊട്ടാരത്തിന്നടുത്തുള്ള ഒരു ലതാ ഗൃഹത്തിൽ നിന്നു കൊണ്ട് കണ്ണൻ തനിയ്ക്കേററവും ഇഷ്ടപ്പെട്ട മന്ത്രം ഉരുക്കഴിയ്ക്കുകയാണ്. ദിനംപ്രതി ഉച്ചവരെ അദ്ദേഹം അങ്ങിനെ ജപിയ്ക്കുക പതിവായിരുന്നു. ആ സമയത്ത് ഒരു സ്ത്രീ വന്ന് കണ്ണന്റെ പിന്നിൽ നില്പായി. അവക്ക് വാദ്ധക്യം ബാധിച്ചിട്ടുണ്ടായിരുന്നു. മുടി മുഴവൻ നരച്ചിട്ടുണ്ട്. ദേഹത്തിൽ ചുളിവുകൾ വീണിരുന്നു. എന്നാൽ അവരുടെ കണ്ണുകളിലെ പ്രകാശം കണ്ടാൽ അവർ ഒരു വീരാംഗനയാണെന്ന് ആർക്കും എളുപ്പത്തിൽ മനസ്സിലാക്കാം.

നേരം നട്ടുച്ചകഴിഞ്ഞു. കണ്ണന്റെ ജപയജ്ഞം പൂത്തിയായി. തിരിഞ്ഞു നോക്കിയപ്പോൾ ഒരു സ്ത്രീ പിന്നിൽ നില്ക്കുന്നതായികണ്ടു. അവരെ സൂക്ഷിച്ചു

നോക്കിക്കൊണ്ട് അദ്ദേഹം ചോദിച്ചു—: "നിങ്ങൾ ആരാണ്? ഓ ഹോ, കുന്തീദേവിയാണല്ലോ ഇതു്! നിങ്ങൾ എന്തിനാണ് ഇങ്ങോട്ടുവന്നത്?"

കുന്തി:- മകനേ, ഒരു പ്രത്യേകാഭ്യർത്ഥനയുമായി വന്നതാണ് ഞാൻ.

കർണ്ണൻ:- ശ്രീകൃഷ്ണന്റെ ബന്ധുവും വീരനായ അർജ്ജുനന്റെ മാതാവുമായ നിങ്ങൾ സൂതപുത്രനായ എന്നിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്?

കുന്തി:- മകനേ, വീരനായ അർജ്ജുനന്റെ അമ്മയായ ഞാൻ സൂതപുത്രനെന്നു പറയപ്പെടുന്ന കർണ്ണന്റെയും മാതാവാണ്. നീ രാധയുടെ പുത്രനല്ല, എന്റെ മകനാണ്.

കർണ്ണൻ;- എന്റെ മലമൂത്രാദികൾ എടുത്ത് വൃത്തിയാക്കുകയും എന്നെ ജീവിതാധാരമായി കരുതുകയും ചെയ്യുന്ന രാധ എന്റെ അമ്മയല്ലെന്ന് ഞാൻ വിചാരിക്കുകയാണെങ്കിൽ അതിലും വലിയ പാതകം മറ്റൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല.

കുന്തി:- മകനേ, ഞാൻ പറയുന്നത് കേൾക്കു. കുന്തിഭോജരാജാവിന്റെ പുത്രിയാണ്ഞാൻ. അച്ഛനെ കാണുവാൻ നിരവധി മഹാപുരുഷന്മാർ വരിക പതിവായിരുന്നു. അവർക്കുവേണ്ട ഉപചാരങ്ങൾ ഞാനാണ് ചെയ്തു കൊടുത്തിരുന്നത്.

കർണ്ണൻ;- കുന്തീദേവി, ഇതെല്ലാം എനിക്കു റിയുന്ന സംഗതികളാണ്. ഇന്നലെ ശ്രീകൃഷ്ണൻ എന്നെ രഥത്തിലിരുത്തി കുറെ ദൂരം കൊണ്ടുപോയി. അദ്ദേഹം എല്ലാവർത്തമാനങ്ങളും വിസ്തരിച്ച് പറയുകയുണ്ടായി.

അതിനെപ്പററി കേൾക്കുമ്പോൾ തന്നെ ഞാൻ അതിശയപ്പെട്ടു പോകുകയാണ്.

കർണ്ണന്റെ ശബ്ദം പകന്നു. കുന്തി പറയുവാൻ തുടങ്ങി;– "കർണ്ണാ അല്പം ശാന്തനാവുക. നിനക്കു കോപമുണ്ടെങ്കിൽ എന്നെ എത്ര വേണമെങ്കിലും ശകാരിക്കുക. പക്ഷേ, ഞാൻ പറയുന്നത് നീ കേൾക്കണം. എന്റെ ഹൃദയം തുറന്നു കാണിച്ചു കൊടുക്കുവാൻ എനിക്കൊരു പുത്രിയില്ല. ഇത്ര കാലത്തിനു ശേഷവും നിന്നെ കണ്ടപ്പോൾ എന്റെ ഈ ഉണങ്ങിയ സ്തനങ്ങളിൽ നിന്ന് പാൽ ചുരന്നു പോകുകയാണ്, ഞാൻ എനിക്കു പറയാനുള്ളതെല്ലാം പറഞ്ഞു കൊള്ളട്ടെ. അങ്ങിനെ എന്റെ മനസ്സിന്ന് അല്പം സമാധാനം ലഭിക്കട്ടെ."

കർണ്ണൻ:–എന്നാൽ പറഞ്ഞുകൊള്ളു.

കുന്തി;–കുന്തീഭോജനേ കാണുവാൻ ഒരിക്കൽ ദുർവ്വാസാമഹർഷി വരികയുണ്ടായി. എന്റെ പരിചരണം അദ്ദേഹത്തെ സന്തുഷ്ടനാക്കിത്തീർത്തു. അദ്ദേഹം എനിക്ക് അഞ്ചു മന്ത്രങ്ങൾ ഉപദേശിച്ചുതന്നു. പിന്നീട് ഇങ്ങിനെ പറഞ്ഞു –;"ഈ മന്ത്രം ജപിച്ച് ഇഷ്ടദേവനെ ധ്യാനിച്ചാൽ അദ്ദേഹം പ്രത്യക്ഷനായിത്തീരും. ഓരോ സ്ത്രീയും ഉള്ളഴിഞ്ഞ് ആശിക്കുന്നകാര്യം ഈ മന്ത്രങ്ങളെക്കൊണ്ട് സഫലമായിത്തീരുന്നതാണ്."

കർണ്ണൻ:–പിന്നീട് എന്തുണ്ടായി?

കുന്തി:–അന്നു ഞാൻ ഒരു കന്യകയായിരുന്നു. സ്ത്രീഹൃദയം എന്തിനാണ് ആഗ്രഹിക്കുന്നതെന്നകാര്യം എനിക്കറിവുണ്ടായിരുന്നില്ല. പക്ഷേ എന്റെ ഉൽക്കണ്ഠ

വർദ്ധിച്ചു. ഒരു മന്ത്രം ജപിച്ച് ഞാൻ സൂര്യഭഗവാനെ വിചാരിച്ചു.

കണ്ണൻ:–എന്നിട്ടെന്തുണ്ടായി?

കുന്തി:–തേജോരൂപിയായ സൂര്യഭഗവാൻ എനിയ്ക്കു പ്രത്യക്ഷനായി. എന്നാൽ എനിയ്ക്കൊന്നുംതന്നെ മനസ്സിലായില്ല. ഹൃദയത്തിൽ ഒരു കൊടുങ്കാററടിയ്ക്കുന്നുണ്ടായിരുന്നു. സൂര്യഭഗവാൻ തന്നെ ഓൎമ്മിച്ചതെന്തിനാണ് എന്ന് എന്നോടു ചോദിച്ചു. അങ്ങ് മടങ്ങിപ്പൊയ്ക്കൊള്ളുക എന്ന് ഞാൻ മറുപടിയും പറഞ്ഞു. ഞാൻ ഒരു കന്യകയായിരുന്നുവെന്ന് പറഞ്ഞുവല്ലോ. നല്ല ചോരത്തിളപ്പുള്ള കാലമായിരുന്നു അത്. അംഗങ്ങളെല്ലാം കുഴയുന്നതുപോലെ എനിയ്ക്കു തോന്നി. ഞാൻ സൂര്യഭഗവാനോട് താണുകേണപേക്ഷിച്ചു:–"ഞാൻ ഒരു കന്യകയാണ്. ലോകം എന്നെപ്പററി ചീത്തപ്പേരു പറയും." പക്ഷേ അതുകൊണ്ടൊന്നും കാര്യമുണ്ടായില്ല. എൻെറ മനസ്സിനെ എനിയ്ക്കുതന്നെ നിയന്ത്രിയ്ക്കുവാൻ കഴിഞ്ഞില്ല. ഞാൻ ആഗ്രഹിയ്ക്കാതെതന്നേ സൂര്യഭഗവാൻെറനേരെ എൻെറ മനസ്സ് ആകൃഷ്ടമായി.

കണ്ണൻ:–അതിനുശേഷം എന്തു സംഭവിച്ചു?

കുന്തി:–അതിൽപ്പിന്നെ ഒമ്പതുമാസങ്ങൾ ഒമ്പതു നീണ്ട യുഗങ്ങളെപ്പോലെ ഞാൻ കഴിച്ചുകൂട്ടി. പുറത്തിറങ്ങാനോ അന്യരുടെ മുഖത്ത് നോക്കുവാനോ എനിയ്ക്കു സാധിച്ചില്ല. ലജ്ജ അത്രയധികമുണ്ടായിരുന്നു. അങ്ങിനെ ഒരുദിവസം ഞാൻ പ്രസവിച്ചു. നിൻെറ ഈ കവചകുണ്ഡലങ്ങൾ അന്ന് എത്ര മനോഹരമായിരുന്നുവെന്നോ! അവ എത്രകണ്ടാലും എനിയ്ക്കു മതിവന്നിരുന്നില്ല.

കർണ്ണൻ:—അതിൽപ്പിന്നെ നിങ്ങൾ എന്താണ് ചെയ്തത്?

കുന്തി:—പിന്നീട് നിന്നെ ഞാൻ ഒരു പട്ടിൽ പൊതിഞ്ഞ് പെട്ടിയിൽവെച്ചു. ഞാൻ കണ്ണ് ഇറുക്കെ ചിമ്മി. ഭൃത്യ പെട്ടിയടച്ചു.

കർണ്ണൻ:—എന്നിട്ട്?

കുന്തി:—അങ്ങിനെ ഞാനും നീയും തമ്മിലുള്ള ബന്ധം അവസാനിച്ചു. നിന്റെ അമ്മയുടെ സ്ഥാനം രാധ ഏറെറടുത്തു.

കർണ്ണൻ:—ഇനി ഞാൻ എന്തുവേണമെന്നാണ് പറയുന്നത്?

കുന്തി:—മകനേ, നിന്നോട് ഞാൻ ഒരപേക്ഷയുമായി വന്നതാണ്.

കർണ്ണൻ:—അത് എന്താണെന്ന് പറയൂ.

കുന്തി;—എനിയ്ക്ക് ഒരേ ഒരാഗ്രഹമേയുള്ളു. എന്റെ അടുത്തേയ്ക്ക് നീ തിരിച്ചു വരണം. എന്നെ അമ്മ എന്നു വിളിയ്ക്കണം.

കർണ്ണൻ;—കുന്തീ! നിങ്ങൾക്കിതു പറയുവാൻ ലജ്ജ തോന്നുന്നില്ലേ? സ്വന്തം മകനെ നദിയിൽക്കൂടെ ഒഴുക്കിവിട്ടവാൻ മടിയ്ക്കാത്ത സ്ത്രീയാണ് ഇന്ന് അമ്മയാവാൻ ആഗ്രഹിയ്ക്കുന്നത്. ഇത് വിഹിതമാണെന്ന് തോന്നുന്നുണ്ടോ?

കുന്തി:—മകനേ കർണ്ണാ, അങ്ങിനെ പറയരുത്. സ്ത്രീജീവിതത്തെപ്പററി നിനക്ക് യാതൊന്നുംതന്നെ അറിഞ്ഞുകൂടാ.

കണ്ണൻ:-ദൗർഭാഗ്യത്തെ അവലംബിയ്ക്കുവാൻ നിങ്ങളോടുപദേശിച്ചത് ആരാണ്?

കുന്തി:-കന്യകയുടെ ജീവിതമെന്തെന്ന് നിനക്കനുഭവമില്ല. അക്കാലത്തുണ്ടാകുന്ന മനശ്ചാഞ്ചല്യത്തെ നീ അനുഭവിച്ചിട്ടില്ല. മനുഷ്യമനസ്സ് ഏററവുമധികം ചഞ്ചലമായിത്തീരുന്ന ഒരു കാലമാണത്! അതിനെപ്പറ്റി ഞാൻ എങ്ങിനെയാണ് വിവരിയ്ക്കേണ്ടത്?

കണ്ണൻ:-അതു ശരി തന്നെ. കഴിഞ്ഞതെല്ലാം ശരിയാണെന്ന് കരുതുകയും ചെയ്യുക. പക്ഷേ എന്നെ ഉപേക്ഷിയ്ക്കുവാൻ നിങ്ങൾക്ക് എന്തധികാരമാണുണ്ടായിരുന്നത്? ഒരു അമ്മ സ്വന്തം കുട്ടിയെ വളർത്താതെ ഉപേക്ഷിയ്ക്കുകയാണെങ്കിൽ അമ്മയായിരിപ്പാൻ അവൾക്ക് അധികാരമില്ല.

കുന്തി:-മകനേ, നീ പറയുന്നത് വാസ്തവമാണ്. എന്നാൽ ഒരു സ്ത്രീ അമ്മയാകുന്നത് അവളുടെ ബുദ്ധിശക്തിയുടെ സഹായത്തോടുകൂടിയല്ല. ഹൃദയത്തിന്റെ കമ്പനമാണ്. ജീവികൾക്കിതിന് പ്രേരണ നൽകുന്നത്. മാതാപിതാക്കൾ, ധർമ്മം, അവകാശം, വികാസം മുതലായ കാര്യങ്ങളെല്ലാം പിന്നീടുണ്ടാകുന്നതാണ്.

കണ്ണൻ:-എന്നാൽ നിങ്ങൾ എന്നെ ഉപേക്ഷിച്ചത് എങ്ങിനെ മറക്കാൻ കഴിയും?

കുന്തി:-മകനേ, അത് മറക്കുവാൻ കഴിയുന്ന ഒന്നല്ല. പക്ഷേ സമുദായത്തെയാണ് അതിന് കുററപ്പെടുത്തേണ്ടത്. സമുദായം അത്തരം തെററുകളെ ഒരിയ്ക്കലും പൊറുക്കുകയില്ല. മാത്രമല്ല മുറിയിൽ ഉപ്പു തേയ്ക്കുകയും ചെയ്യും. അതുകൊണ്ടാണ് എന്നെപ്പോലുള്ള അമ്മമാർക്ക്

തെററായ മാർഗ്ഗം സ്വീകരിക്കേണ്ടി വരുന്നത്. ഇത്തരം തെററുകൾ വരാതിരിയ്ക്കാൻ സമുദായം വേണ്ട പ്രതിവിധികൾ ചെയ്യേണ്ടതാണ്, അഥവാ തെററുകൾ വന്നു പോയാൽ വിവേകപൂർവ്വം അവയെ നേരിട്ടുവാൻ സമുദായത്തിന്നു് കഴിയണം. അങ്ങിനെ ചെയ്താൽ സമുദായത്തിൽ രഹസ്യമായി നടന്നു കൊണ്ടിരിയ്ക്കുന്ന നിരവധി പാപങ്ങൾ ഇല്ലാതായിത്തീരുമെന്നാണ് എനിയ്ക്കു തോന്നുന്നത്.

കർണ്ണൻ:– എന്നാൽ നിങ്ങൾ എനിയ്ക്ക് എത്ര വലിയൊരു ദോഷമാണ് ചെയ്തിട്ടുള്ളത്? ക്ഷത്രിയനായി ജനിച്ച എന്നെ സൂതപുത്രനെന്നാണ് എല്ലാവരും വിളിയ്ക്കുന്നത്. അത് നിങ്ങൾ ചെയ്ത പാപം കൊണ്ടുമാണ്.

കുന്തി;–അതു ഞാൻ സമ്മതിയ്ക്കുന്നു. അതിന് എനിയ്ക്ക് വളരെ വേദനയുണ്ടുതാനും. പാണ്ഡവന്മാരുടെയും കൌരവന്മാരുടെയും അഭ്യാസങ്ങൾ നടന്നുകൊണ്ടിരിയ്ക്കുമ്പോൾ നീ അർജ്ജുനനെ ദ്വന്ദ്വയുദ്ധത്തിന്ന് ക്ഷണിച്ചു. കൃപാചാര്യനും ഭീമനും നിൻെറ വംശത്തേയും ഗോത്രത്തേയുംപററി ചോദിയ്ക്കുകയുണ്ടായി. നിന്നെ നീചനെന്നു് അവർ വിളിച്ചു. അപ്പോൾ ഞാൻ ബോധരഹിതയായിത്തീൻു. ഒരുപക്ഷെ ഇത് നീഅറിഞ്ഞിരിയ്ക്കുകയില്ല. ദ്രൌപദിയുടെ സ്വയംവര വേളയിൽ നീ വില്ലു കുലയ്ക്കുവാൻ പുറപ്പെട്ടപ്പോൾ 'ഞാൻ സൂതപുത്രനെ വരിയ്ക്കുന്നതല്ല' എന്നാണ് ദ്രൌപദി പറഞ്ഞത്. ഈ വർത്തമാനം സഹദേവൻ എന്നോടു പറയുകയുണ്ടായി. ആ സമയത്ത് എൻെറ മനസ്സ് പൊരിഞ്ഞതിനെപ്പററി നിനക്കെന്തറിയാം! മകനേ, എൻെറ കർമ്മദോഷംകൊണ്ട് നിനക്ക് സൂതപുത്രനാകേണ്ടിവന്നു.

എന്നാൽ ഇന്നു് നീ എല്ലാം മറക്കണം. എൻെറ ഒന്നിച്ച് വരണം.

കർണ്ണൻ:-കുന്തീ, നിങ്ങൾ പറയുന്നത് കുറെയെല്ലാം എനിക്കു മനസ്സിലാകുന്നുണ്ട്. ഇന്നു് എൻെറ ജീവിതത്തിലുണ്ടായിരുന്ന കോപാഗ്നി കെട്ടടങ്ങുന്നതായി എനിയ്ക്കു് തോന്നുന്നു. പക്ഷെ നിങ്ങളുടെ ഒന്നിച്ച് ജീവിക്കുന്നകാര്യം സാദ്ധ്യമാവുകയില്ല. രാധ ഒരമ്മയേപ്പോലെ സ്നേഹിച്ചാണു് എന്നെ വളർത്തിയത്. സൂതവംശത്തിൽ നിന്നാണ് ഞാൻ വിവാഹം ചെയ്തത്. അതിൽനിന്നു് എനിയ്ക്കു് സന്താനങ്ങളും ജനിച്ചിട്ടുണ്ട്. അങ്ങിനെയുള്ള സ്നേഹബന്ധത്തെ മുഴുവൻ ഉപേക്ഷിച്ച് കുന്തീപുത്രനായിത്തീരുക എന്നത് എന്നെ സംബന്ധിച്ചേടത്തോളം അസാദ്ധ്യമായ ഒരു കാര്യമാണ്.

കുന്തി:-മകനേ, അങ്ങിനെ പറയരുത്. നിൻെറ രാധയുടെ കാൽ പിടിയ്ക്കുവാൻ ഞാൻ ഒരുക്കമാണ്. ദ്രൗപദിയെപ്പോലെ നിൻെറ പത്നിയേയും പുത്രവധുവായി ഞാൻ കരുതിക്കൊള്ളാം. യുധിഷ്ഠിരൻെറ ജ്യേഷ്ഠനാണ്നീ. പാണ്ഡവന്മാർ അഞ്ചുപേരും നിന്നെ ബഹുമാനിയ്ക്കും. യുദ്ധാനന്തരം ഭാരതവർഷത്തിലെ രാജാവായി നിന്നെ അഭിഷേകം ചെയ്യുകണ്ടാൽ മാത്രമേ എനിയ്ക്കു് സന്തോഷമുണ്ടാവുകയുള്ളു. നീ രാജാവാകുന്നതിന്നു വേണ്ടി ജനിച്ചിട്ടുള്ളവനാണ്.

കർണ്ണൻ:-കുന്തീ, നിങ്ങൾ പറയുന്ന കാര്യങ്ങളെല്ലാം വളരെ നന്നായി തോന്നാമെങ്കിലും എനിയ്ക്കു് അതിൽ ലേശംപോലും താല്പര്യമില്ല. ഭാരതവർഷത്തിലെ രാജാവ് ഒന്നുകിൽ യുധിഷ്ഠിരനാവും; അല്ലെങ്കിൽ ദുര്യോധനനാവും.

കുന്തി:–അതൊരിയ്ക്കലും വയ്യ. യുധിഷ്ഠിരൻ നിൻെറ അടുത്തുനിന്നു് നിന്നെ സേവിയ്ക്കണമെന്നാണ് ഞാൻ ആഗ്രഹിയ്ക്കുന്നത്. നിന്നെപ്പോലെയും അർജ്ജുനനെപ്പോലെയുമുള്ള വീരന്മാർ എൻെറ പുത്രന്മാരായിരിയ്ക്കുന്നേടത്തോളം കാലം ദുര്യോധനന്നു് രാജ്യം കിട്ടുകയില്ലെന്നുള്ളതും തീർച്ചയാണ്.

കർണ്ണൻ:–ക്ഷമിക്കണം. സ്വാർത്ഥ വശഗയായി നിങ്ങൾഎന്നെ അധർമ്മമാർഗ്ഗത്തിൽക്കൂടി കൊണ്ടുപോകുവാൻ ആഗ്രഹിയ്ക്കുന്നു. ഹസ്തിനപുരത്തിലെ ജനങ്ങൾ മുഴുവൻ എന്നെ സൂതപുത്രനെന്നു വിളിച്ച് നിന്ദിച്ച അവസരത്തിൽ ദുര്യോധനൻ എനിയ്ക്കു് അംഗരാജപട്ടം നല്കി. ഭീഷ്മൻ, വിദുരൻ, ദ്രോണൻ തുടങ്ങിയ മഹാത്മാക്കൾ പോലും എന്നെ കാക്കയെന്നു വിളിച്ച് അപമാനിച്ചപ്പോൾ ദുര്യോധനൻ എനിയ്ക്കു് സഹായഹസ്തം നീട്ടുകയും എന്നെ പരമമിത്രമായി കരുതുകയും ചെയ്തു. യുദ്ധം വേണമോ വേണ്ടയോ എന്ന കാര്യത്തെക്കുറിച്ച് ആലോചനയും തീരുമാനവും നടന്ന സന്ദർഭത്തിൽ എൻെറ മൈത്രീബന്ധത്തെ ആസ്പദിച്ചാണ് ശ്രീകൃഷ്ണനെ ദുര്യോധനൻ മടക്കി അയച്ചതും യുദ്ധം ചെയ്യാമെന്ന തീരുമാനത്തിൽ എത്തിച്ചേർന്നതും. അങ്ങിനെയുള്ള ദുര്യോധനനെ ഉപേക്ഷിച്ച് ഞാൻ നിങ്ങളുടെ പക്ഷത്തിൽ ചേരുകയാണെങ്കിൽ അത് നിങ്ങൾക്കുതന്നെ ശോഭനമായിട്ടുള്ളതാണോ? സ്വാർത്ഥംകൊണ്ട് അന്ധയായിപ്പോയിരിയ്ക്കുന്നു നിങ്ങൾ. അതുകൊണ്ടാണ് ഇങ്ങിനെയെല്ലാം പറയുന്നതു. ശ്രീകൃഷ്ണൻ ഒരു പക്ഷെ അർജ്ജുനനുമായി വേർപിരിഞ്ഞേക്കാം. അത്രപോലും ദുര്യോധനനെ ഉപേക്ഷിയ്ക്കുവാൻ ഞാൻ തെയ്യാറാവുകയില്ല.

കുന്തി:–അപ്പോൾ നീ എന്നെ ഇങ്ങിനെ നിരാശപ്പെടുത്താനാണ് ഭാവം, അല്ലെ.

കണ്ണൻ:–മററുമാർഗ്ഗങ്ങൾ ഞാൻ കാണുന്നില്ല.

കുന്തി:–വേണമെങ്കിൽ മാർഗ്ഗങ്ങൾ പലതുമുണ്ട്. പക്ഷേ നീ അവയേപ്പററി ചിന്തിയ്ക്കുന്നില്ലെന്നുമാത്രം. യുദ്ധത്തിൽ സ്വന്തം സഹോദരന്മാരെ നീ നിൻെറ കൈകളെക്കൊണ്ട് കൊല്ലും. അപ്പോൾ എൻെറ മനസ്സ് അതെങ്ങിനെ സഹിയ്ക്കും? യുധിഷ്ഠിരനെ കൊല്ലുവാൻ നിനക്ക കൈ പൊങ്ങുമോ? എൻെറ കോമളകുമാരന്മാരായ നകുലസഹദേവന്മാരെ നീ കൊല്ലുകയില്ലേ? കണ്ണാ, അല്പമൊന്ന് ആലോചിച്ചുനോക്കു!. നിനക്കിതെല്ലാം ചെയ്യാൻ കഴിഞ്ഞെന്നുവരും. പക്ഷെ നിങ്ങളെ എല്ലാവരേയും പ്രസവിച്ച ഈ കുന്തിയുടെ കഥ എന്തായിരിയ്ക്കുമെന്ന് നീ ആലോചിച്ചിട്ടുണ്ടോ?

കണ്ണൻ:–യുദ്ധത്തിൻെറ കാര്യമാണത്. ക്ഷത്രിയന്മാർ അങ്ങിനെയുള്ള കാര്യങ്ങളെപ്പററി ഒരിയ്ക്കലും ഭയപ്പെടാറില്ല.

കുന്തി മുമ്പോട്ടുവന്ന് മുട്ടുകുത്തിയിരുന്ന് കണ്ണൻെറ കാൽമുട്ട് പിടിച്ചുകൊണ്ട് പറഞ്ഞു. "മകനേ, എൻെറ നേക്ക് ഒന്നു നോക്കുക. നിൻെറ അടുത്തു നില്ക്കുന്നത് ആരാണ്? അത് നിനക്കറിയുമോ?"

കണ്ണൻ:–നിങ്ങൾ കുന്തീദേവിയാണ്.

കുന്തി:–നീ എന്നെ പേർപറഞ്ഞല്ലാതെ വിളിയ്ക്കുന്നില്ലല്ലോ! ഞാൻ നിൻെറ ആരുമല്ലേ? യുദ്ധത്തിൽ സ്വന്തം സഹോദരന്മാരെയെല്ലാം കൊല്ലുന്നതിന്നു

മുമ്പായി ഇവിടെവെച്ച് എന്നെ കൊന്നുകളയുക. പിന്നെ എനിയ്ക്കുത് കാണേണ്ടിവരികയില്ലല്ലോ. നിന്റെ ധമ്മാധമ്മങ്ങൾ, മൈത്രീബന്ധം, ക്ഷത്രിയത്വം എന്നിവ യെല്ലാം ഈ അമ്മയുടെ മുമ്പിൽ വെച്ചാണല്ലോ നീ കാണിയ്ക്കുന്നത്. അമ്മയുടെ കണ്ണുനീരിന്നു് ഇവയെയെല്ലാം കഴുകിക്കളയുവാനുള്ള കരുത്തുണ്ടെന്നു് നിനക്കറിയുക യില്ല. കണ്ണാ, എന്നെ ഒന്നു് നോക്കൂ. മുകളിൽ നിന്റെ പിതാവ് ഇരിയ്ക്കുന്നുണ്ട്. ആ പിതാവിനെ സാക്ഷിയാ ക്കിക്കൊണ്ടാണ് ഞാൻ നിന്നോട് ആവശ്യപ്പെടുന്നത്. യുദ്ധത്തിൽ പാണ്ഡവന്മാരെ കൊല്ലുകയില്ലെന്നു് നീ വാക്കു തരണം.

കുന്തിയുടെ കണ്ണുകൾ നിറഞ്ഞു. കണ്ണൻ നിശ്ശ ബ്ദനായിത്തീന്നു.

കുന്തി:–കണ്ണാ, പറയൂ; മറുപടി പറയൂ.

കണ്ണൻ:–കുന്തീ, എന്നെ ഇവിടെ നിന്നു് പോകാൻ സമ്മതിക്കണം.

കുന്തി:–അങ്ങിനെ പോകാൻ സമ്മതിക്കില്ല. അമ്മയ്ക്കു് ഇത്രയും തുച്ഛമായ ഒരു ഭിക്ഷ നല്കിയതിന്നു ശേഷം പോയാൽ മതി.

കണ്ണൻ:–ഞാൻ നകുലസഹദേവന്മാരേയും ഭീമ നേയും കൊല്ലുകയില്ലെന്നു് വാക്കു തരുന്നു.

കുന്തി:–ഭീമനേയോ? ഭീമനും നീയുമായി എത്ര അന്തരമുണ്ട്! തടിയനായതുകൊണ്ട് ഭീമൻ കേമനാണ് എന്നാണോ വിചാരം? ഭീമൻ വാരിവലിച്ച് കുറെ യെല്ലാം പ്രവത്തിയ്ക്കുമെന്നുമാത്രം. അങ്ങിനെയുള്ള ഒരാളെ

കൊല്ലുന്നതിന്നു് നിനക്കിഷ്ടമുണ്ടാവുകയില്ല. കാരണം ഭീമന് നിൻെറ വിദ്യ അറിയുകയില്ലല്ലോ.

കർണ്ണൻ:-കുന്തീ! കുന്തീ! ഇനിനിർത്തുക. എൻെറ മനസ്സ് തീരെ അസ്വസ്ഥമായിരിയ്ക്കുന്നു. യുദ്ധത്തിൽ യുധിഷ്ഠിരനേയും ഞാൻ കൊല്ലുകയില്ലെന്നു് അവസാനമായി പറയുന്നു; ഇനി നിങ്ങൾ പോകണം. ഇതിലധികം കർണ്ണനോട് ആവശ്യപ്പെടരുത്.

കുന്തി:-മകനേ, എനിയ്ക്കു് മിക്കവാറും തൃപ്തിയായി. പക്ഷേ എൻെറ അപേക്ഷ ഇപ്പോഴും അപൂർണ്ണമായിരിയ്ക്കുകയാണ്. അർജ്ജുനനേ കൊല്ലരുതെന്നു് അപേക്ഷിയ്ക്കുവാൻ പോകുകയായിരുന്നു ഞാൻ.

കർണ്ണൻ:-ഇതാണ് ആവശ്യമെങ്കിൽ നിങ്ങൾ സ്വന്തം കൈ കൊണ്ട് എന്നെ വധിച്ചുകളയണം. അതാണ് നല്ലത്. അർജ്ജുനനെ കൊല്ലാതിരിയ്ക്കുന്നതിന്നു് വാക്കു തരിക എന്നത് എന്നെ സംബന്ധിച്ചേടത്തോളം ആത്മഹത്യയ്ക്കു തുല്യമാണ്. രണ്ടു ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന യുദ്ധം പാണ്ഡവന്മാരും കൌരവന്മാരും തമ്മിലുള്ളതായിരിയ്ക്കുകയില്ല. ഞാനും അർജ്ജുനനും തമ്മിലുള്ളതായിരിയ്ക്കും. ദുര്യോധനൻ യുദ്ധത്തിന്നു് തെയ്യാറായത് എന്നെ വിശ്വസിച്ചിട്ടാണ്. നിങ്ങൾ പറയുന്നതുപോലെ ഞാൻ ചെയ്യുന്നതിൽ ഭേദം ആത്മഹത്യ ചെയ്യുകയാണ്. കുന്തി, ഇനി എന്നോടൊന്നും പറയരുത്. നിങ്ങൾ പോകണം.

കുന്തി:-എന്നാൽ അങ്ങിനെയാകട്ടെ. നിന്നെ കൂട്ടിക്കൊണ്ടുപോകാനും അഞ്ചിനു പകരം ആറു പാണ്ഡവന്മാരാക്കുവാനും വേണ്ടിയാണ് ഞാൻ

ഇങ്ങോട്ടുവന്നത്. എന്നാൽ അഞ്ചിൽ നാലെണ്ണമായി കുറഞ്ഞു എന്ന വാർത്തയുമായിട്ടാണ് തിരിച്ചു പോകുന്നത്. ശരി മകനേ, പുത്രന്മാർ മാതാക്കളെ സന്തോഷിപ്പിക്കേണ്ടത് ഇപ്രകാരം തന്നെയാണ്.

കർണ്ണൻ:—എന്നാൽ അല്പം നില്ക്കു. ഒരു കാര്യവും കൂടി പറയാനുണ്ട്. യുദ്ധത്തിൽ അർജ്ജുനൻ കൊല്ലപ്പെടുകയാണെങ്കിൽ കർണ്ണൻ പാണ്ഡവന്മാരുടെ കൂട്ടത്തിൽ ചേരും. എന്നാൽ ..... അതിനെപ്പററി ചിന്തിച്ചിട്ട് കാര്യമുണ്ടെന്നു തോന്നുന്നില്ല. കാലത്തിൻെറ പുതപ്പു നീക്കി നോക്കുമ്പോൾ കാണുന്നത്, ശ്രീകൃഷ്ണൻ സാരഥിയായിരിക്കുന്ന അർജ്ജുനൻ വിജയിക്കുമെന്നും ആയാളുടെ കൈ കൊണ്ട് എനിക്കു മരിക്കേണ്ടിവരുമെന്നുമാണ്. ഏതായാലും വരും ഫലം വഴിയിൽ തങ്ങില്ല. അർജ്ജുനൻ യുദ്ധക്ഷേത്രത്തിൽ മരിച്ചു വീഴുകയാണെങ്കിൽ ഞാൻ നിങ്ങളുടെതായിത്തീരും. ഞാൻ മരിക്കുകയാണെങ്കിൽ പിന്നെ ഒന്നുംതന്നെ പറയാനില്ലല്ലോ. പഞ്ചപാണ്ഡവന്മാർ ഒരിക്കലും ആറാവുകയില്ല. അതു തീർച്ചയാണ്. ശരി, ഇനി നിങ്ങൾക്കു പോകാം.

കുന്തി:—കർണ്ണാ, ഒരുകാര്യം ചോദിക്കുണമെന്നുണ്ട്. ചോദിച്ചോട്ടെ?

കർണ്ണൻ:—അതിനെന്താണ് വിരോധം? സന്തോഷപൂർവ്വം ചോദിക്കുണം.

കുന്തി:—ഇന്നലെ ശ്രീകൃഷ്ണന് നീ എന്താണ് വാക്കു കൊടുത്തത്?

കർണ്ണൻ:—ശ്രീകൃഷ്ണനോ? ഒന്നുമില്ലല്ലോ! ശ്രീകൃഷ്ണൻ ഒരു രാജ്യതന്ത്രജ്ഞൻെറ വേഷത്തിലാണ് എൻെറ

അടുക്കൽ വന്നത്. അദ്ദേഹത്തിൻെറ സംസാരം എൻെറ പ്രതീക്ഷകൾക്കു വളം നല്കി. ശ്രീകൃഷ്ണൻ രാജ്യാധികാരത്തിൻെറ പ്രലോഭനം എൻെറ നേക്ക് നീട്ടിക്കാണിച്ചു. അദ്ദേഹം സിംഹാസനം, ഐശ്വര്യം, സ്വർഗ്ഗം മുതലായ പലതും എനിക്കു തരാമെന്നേററു. പക്ഷേ ദുര്യോധനനുമായിട്ടുള്ള എൻെറ മൈത്രീബന്ധത്തിനു മുമ്പിൽ ഇവയ്ക്കൊന്നുംതന്നെ യാതൊരു മൂല്യവുമില്ലെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയില്ല. കുന്തീ, ഒരു കാര്യം പറയട്ടെ. നിങ്ങൾ ഇന്ന് എൻെറ വാക്കും കൊണ്ടാണ് മടങ്ങിപ്പോകുന്നത്. അതിൻെറ കാരണമെന്തെന്നറിയാമോ?

കുന്തി:—അറിഞ്ഞുകൂടാ. എന്താണെന്ന് പറയൂ.

കണ്ണൻ:—മാതാവിൻെറ രൂപത്തിൽ നിങ്ങൾ വിജയിച്ചിരിക്കുന്നു. ആദ്യത്തിൽ നിങ്ങളെ കണ്ടപ്പോൾ എനിക്ക് കഠിനമായ കോപമുണ്ടായി. പക്ഷേ, അതിന് നീണ്ടുനില്ക്കുവാൻ കഴിഞ്ഞില്ല. കുന്തീ, പ്രസവിച്ച ഒരമ്മയുടെ മനസ്സിൽ എത്രമാത്രം സ്നേഹമുണ്ടെന്ന് ഇന്നാണ് എനിക്കു മനസ്സിലായത്. പാണ്ഡവന്മാരേയും കൌരവന്മാരേയും സന്ധിപ്പിക്കുവാൻ ശ്രീകൃഷ്ണനു പകരം നിങ്ങളും ഗാന്ധാരിയുമായിരുന്നു പ്രവർത്തിച്ചിരുന്നതെങ്കിൽ ഈ യുദ്ധം ഉണ്ടാകുമായിരുന്നില്ലെന്ന് എനിക്കു തോന്നുന്നു.

രാജ്യതന്ത്രജ്ഞന്മാർ എത്രതന്നെ സന്ധിക്കുവേണ്ടി ശ്രമിച്ചാലും അവരുടെ മനസ്സ് യുദ്ധംകൊണ്ടുമാത്രമേ തൃപ്തിപ്പെടുകയുള്ളു. തന്നിമിത്തം അവരിൽകൂടി ലോകത്തിന് ശാന്തി ലഭിക്കുന്നതല്ല. മധുരവാക്കുകൾ പറയുന്ന അവരുടെ ഉദ്ദേശം വിഷലിപ്തമായിട്ടുള്ളതാണ്. ലോകത്തിലുള്ള അശാന്തിയും കൊടുങ്കാററും ഒരു ദിവസം ശാന്തമായിത്തീരുകയാണെങ്കിൽ എന്നെപ്പോലുള്ള

യോദ്ധാക്കളെക്കൊണ്ടും ശ്രീകൃഷ്ണനെപ്പോലുള്ള രാജ്യതന്ത്ര ജ്ഞന്മാരെക്കൊണ്ടും അല്ല അങ്ങിനെ സംഭവിയ്ക്കുന്നത്. പ്രസ്തുത കൊടുങ്കാററും വിനാശവും അരാജകത്വവും വൈര ഭാവവും എല്ലാം ഇല്ലാതാവുന്നത് ലോകത്തിലുള്ള മാതാക്കളെക്കൊണ്ടാണ്. ഇക്കാര്യം ഇന്നെനിയ്ക്ക് തികച്ചും വിശ്വാസമായി. ലോകത്തെ ഇത്തരം ഭയങ്കര യുദ്ധങ്ങളിൽനിന്ന് രക്ഷിയ്ക്കുവാൻ വീരന്മാരുടെയോ ചതുരന്മാരായ രാജ്യതന്ത്രജ്ഞന്മാരുടെയോ വലിയ വ്യാപാരികളുടെയോ കലാകാരന്മാരുടെയോ ആവശ്യമില്ല. ഒരു അമ്മ മാത്രം മതി അതിന്. പക്ഷേ ഇന്ന് അതുകൊണ്ടൊന്നും കാര്യമില്ല. യുദ്ധത്തിൻെറ പെരുമ്പറവാദ്യം മുഴങ്ങിക്കഴിഞ്ഞു. അന്തകൻ എല്ലാവരേയും വിളിച്ചുകൊണ്ടിരിക്കുന്നു. കുന്തീ, നിങ്ങൾ പോകൂ. നേരം വളരെയായി.

കുന്തി എഴുന്നേററു. അവർ കർണ്ണൻെറ നിറുകയിൽ ചുംബിച്ചു. കർണ്ണൻ കുനിഞ്ഞുനിന്ന് കുന്തിയുടെ പാദങ്ങൾ തൊട്ട് തലയിൽവെച്ചു. അമ്മയും മകനും പരസ്പരം നോക്കിക്കൊണ്ട് വേർപിരിഞ്ഞു.

ആറ്.

# ദാനവീരൻ

കൎണ്ണൻ തന്റെ ലതാമണ്ഡപത്തിൽനിന്നു് ജപിയ്ക്കുകയായിരുന്നു. ആകാശത്തിൽ സൂര്യഭഗവാൻ തപിച്ചുകൊണ്ടിരിയ്ക്കുകയാണ്. ഒരു സേവകൻ വന്നു പറഞ്ഞു:—"മഹാരാജാവേ, ഒരു ബ്രാഹ്മണൻ അങ്ങയെ കാണുവാൻവേണ്ടി കാത്തുനില്ക്കുന്നു."

കൎണ്ണൻ:—അദ്ദേഹത്തെ അകത്തേയ്ക്കു കൂട്ടികൊണ്ടു വരിക.

അല്പസമയത്തിന്നുള്ളിൽ ബ്രാഹ്മണൻ കൎണ്ണന്റെ സമീപത്തെത്തി. കുറിയ ഒരു മനുഷ്യനാണ് ആയാൾ. കണ്ണുകൾ ചപലങ്ങളായിരുന്നു. പൂണനൂൽ ധരിച്ചിട്ടുണ്ട്. കഴുത്തിൽ രുദ്രാക്ഷമാലയും കയ്യിൽ കമണ്ഡലവുമുണ്ട്.

കൎണ്ണൻ:—ദേവാ, ഇങ്ങോട്ടുവന്നാലും!

ബ്രാഹ്മണൻ:—കൎണ്ണാ!

കൎണ്ണൻ:—ദേവാ, അങ്ങയ്ക്കു് എന്തുവേണം?

ബ്രാഹ്മണൻ:-രാജൻ, ഞാൻ ആവശ്യപ്പെടുന്നത് തരാമെന്ന് നിങ്ങൾ വാക്കുതരണം.

കർണ്ണൻ:-ദേവാ, മദ്ധ്യാഹ്നംവരെ ഞാൻ ജപിക്കുക പതിവാണെന്ന് ഒരുപക്ഷേ അങ്ങ് മനസ്സിലാക്കിയിരിക്കുകയില്ല. ആ സമയത്ത് ഒരു ബ്രാഹ്മണൻ എന്റെ അടുക്കൽവന്ന് എന്താവശ്യപ്പെട്ടാലും ഞാനത് കൊടുക്കാറുണ്ട്,

ബ്രാഹ്മണൻ:-നിങ്ങളെപ്പററി ഞാൻ അങ്ങിനെ കേട്ടിട്ടുണ്ട്. അതുകൊണ്ടാണ് നേരത്തെത്തന്നെ ഇങ്ങോട്ടുവന്നത്.

കർണ്ണൻ:-ദേവാ, പറയൂ! അങ്ങയ്ക്കെന്തുവേണം?

ബ്രാഹ്മണൻ:-നിസ്സാരമായ ഒരാവശ്യമാണ് എനിക്കുള്ളത്. പക്ഷേ പറയുവാനൊരു മടി തോന്നുന്നു. സാധിക്കാതെ വന്നങ്കിലോ എന്ന ഭയമാണ് എനിക്കുള്ളത്.

കർണ്ണൻ:-കർണ്ണൻ വാഗ്ദത്തലംഘനം ചെയ്യുന്ന ഒരാളാണെന്ന് അങ്ങയ്ക്കു സംശയമുണ്ടോ?

ബ്രാഹ്മണൻ:-ഉണ്ട്. ഞാൻ അങ്ങിനെ ഭയപ്പെടുന്നു.

കർണ്ണൻ:-എന്നാൽ കർണ്ണനെപ്പററി അങ്ങ് മനസ്സിലാക്കീട്ടില്ലെന്നർത്ഥം. കേൾക്കൂ, കർണ്ണന്റെ പ്രതിജ്ഞയ്ക്ക് ഭംഗം വരുന്ന ദിവസം സൂര്യൻ ഉദിക്കുന്നത് പടിഞ്ഞാറു ഭാഗത്തായിരിക്കും. എന്തുതന്നെയായാലും അങ്ങ് പറഞ്ഞുകൊള്ളുക.

കണ്ണന്റെ ദൃഢനിശ്ചയവും ആത്മവിശ്വാസവും കണ്ടിട്ട് ബ്രാഹ്മണൻ അല്പം മടിച്ചു. ആവശ്യപ്പെടണമോ വേണ്ടയോ എന്ന ആലോചനയായി ആയാൾക്ക്. ആയാളെ സംശയാലുവായിക്കണ്ടപ്പോൾ കണ്ണൻ പറഞ്ഞു:—"അങ്ങ് ഒട്ടുംമടിക്കേണ്ട. എന്തുവേണമെങ്കിലും ആവശ്യപ്പെടണം."

ബ്രാഹ്മണൻ:—കണ്ണാ, എന്നാൽ ഞാൻ പറയാം. നിങ്ങൾ നിങ്ങളുടെ ഈ കവചകുണ്ഡലങ്ങൾ എനിക്ക് അഴിച്ചുതരണം.

ഇത്രയും പറഞ്ഞതോടുകൂടി ബ്രാഹ്മണന്റെ മുഖം വിവർണ്ണമായിത്തീർന്നു. ആയാളുടെ ശരീരം മുഴുവൻ വിയർത്തു.

കണ്ണന്റെ മുഖത്ത് ഹാസ്യഭാവം സ്ഫുരിച്ചു. അദ്ദേഹത്തിന്ന് രോമാഞ്ചമുണ്ടായി. ദേഹത്തിൽനിന്ന് കവചകുണ്ഡലങ്ങൾ അഴിക്കുവാൻ തുടങ്ങി. പാമ്പ് വളയൂരുന്നതുപോലെ കണ്ണൻ കവചകുണ്ഡലങ്ങൾ അഴിച്ച് ബ്രാഹ്മണന് കൊടുത്തു. അദ്ദേഹത്തിന്റെ ശരീരം മുറിപ്പെട്ടു. രക്തം ഒഴുകുവാൻ തുടങ്ങി. ആകാശത്തിലുള്ള സൂര്യഭഗവാൻ കാർമേഘത്തിനുള്ളിൽ ചെന്നൊളിച്ചു. മണ്ഡപത്തിലെ പക്ഷികൾ സന്തോഷശബ്ദം മുഴക്കി. ലതകൾ പുഷ്പവൃഷ്ടി ചെയ്തു.

കണ്ണൻ:—ദേവാ, അങ്ങ് ഈ കവചകുണ്ഡലങ്ങളെ സ്വീകരിച്ചാലും!

നമ്രശിരസ്കനായ ബ്രാഹ്മണൻ അതു രണ്ടും വാങ്ങി. ആയാൾ യാതൊന്നും പറയാതെ പുറപ്പാടായി.

അല്പദൂരം നടന്നിട്ട് ആയാൾ അവിടെനിന്നു. വീണ്ടും മടങ്ങി കർണ്ണന്റെ സമീപത്തേയ്ക്കുവന്നു.

കർണ്ണൻ:–ദേവാ, എ ന്താ ണ് മടങ്ങിവന്നത്? വേറെ വല്ല ആഗ്രഹവുമുണ്ടോ?

ബ്രാഹ്മണൻ:–പടിവാതിൽ അടച്ചിട്ടുണ്ടെന്ന് തോന്നുന്നു.

കർണ്ണൻ:–ഇല്ലല്ലോ. തുറന്നു കിടക്കുന്നതുപോലെയാണ് എനിയ്ക്കു തോന്നുന്നത്. അങ്ങയെ ആരും തടുക്കുകയില്ല. നിശ്ശങ്കം പോകണം.

ബ്രാഹ്മണൻ രണ്ടടി നടന്ന് വീണ്ടും അവിടെ നിന്നു. കർണ്ണൻ ചോദിച്ചു:–"ദേവാ, അങ്ങ് വീണ്ടും നിന്നതെന്താണ്? അങ്ങയ്ക്ക് ഇനിയും എന്തോ ആഗ്രഹമുള്ളതുപോലെ തോന്നുന്നുവല്ലോ."

ബ്രാഹ്മണൻ;–രാജൻ! എന്റെ കാലുകൾക്ക് മുമ്പോട്ടു പോകുവാനുള്ള ശക്തി കിട്ടുന്നില്ല.

കർണ്ണൻ:–ദേവാ, അങ്ങയ്ക്കു് പോകേണ്ടസ്ഥലത്ത് അങ്ങയെ എന്റെ രഥം കൊണ്ടുചെന്ന് വിടുന്നതാണ്.

കർണ്ണൻ രഥം കൊണ്ടുവരുവാൻ സേവകനോട് ആജ്ഞാപിച്ചു. രഥം അവിടെ എത്തി. പക്ഷേ ബ്രാഹ്മണൻ നിന്ന സ്ഥലത്തുനിന്ന് അനങ്ങിയില്ല.

കർണ്ണൻ:–ദേവാ, വരൂ, രഥത്തിൽ കയറൂ

ബ്രാഹ്മണൻ രഥത്തിനുനേരെ പോകുന്നതിന്നു പകരം കർണ്ണന്റെ അടുക്കലേയ്ക്കാണ് പോയത്. ആയാൾ അവിടെ നില്പായി.

കണ്ണൻ:—ദേവാ, അങ്ങ് പോകാത്തതെന്താണ്? ഇനി എന്തുവേണം?

ബ്രാഹ്മണൻ:—ഒരപേക്ഷ കൂടിയുണ്ട്. നിങ്ങൾ എന്നോട് എന്തെങ്കിലും ആവശ്യപ്പെടണം.

കണ്ണൻ:—എനിയ്ക്ക് അങ്ങയുടെ അനുഗ്രഹം മാത്രമുണ്ടായിരുന്നാൽ മതി,

ബ്രാഹ്മണൻ:—മകനേ, നിനക്കെന്നേ മനസ്സിലായോ?

കണ്ണൻ;—ഉവ്വ്. അങ്ങയെ ഞാൻ മനസ്സിലാക്കിയിരിയ്ക്കുന്നു. അർജ്ജുനന്റെ പിതാവായ ഇന്ദ്രനാണ് അങ്ങ്.

ബ്രാഹ്മണൻ:—കണ്ണാ, ഞാൻ ഇന്ദ്രനാണെന്നു് നീ എങ്ങിനെ അറിഞ്ഞു?

കണ്ണൻ;—അങ്ങ് അർജ്ജുനന്റെ പിതാവാണ്. അപ്രകാരംതന്നെ സൂര്യഭഗവാൻ എന്റെ പിതാവുമാണ്. ഈ വസ്തുത അങ്ങയ്ക്കറിയാം. രാവും പകലും അങ്ങ് അർജ്ജുനനെപ്പററി ചിന്തിയ്ക്കുന്നു. അപ്രകാരംതന്നെ സൂര്യഭഗവാൻ എന്നേപ്പററിയും ചിന്തിയ്ക്കുന്നുണ്ട്. അങ്ങ് ബ്രാഹ്മണവേഷംധരിച്ച് എന്റെ കവചകുണ്ഡലങ്ങൾ കൊണ്ടുപോകാൻ വരുന്നുണ്ടെന്ന സൂചന ഇന്നലെ അദ്ദേഹം സ്വപ്നത്തിൽഎനിയ്ക്കു നല്കുകയുണ്ടായി.

ബ്രാഹ്മണൻ:—കണ്ണാ, നീ എന്താണ് പറയുന്നത്? ഞാൻ ഇന്ദ്രനാണെന്നും ഇതെല്ലാം ഞാൻ അർജ്ജുനനുവേണ്ടി കൊണ്ടുപോകുന്നതാണെന്നും നീ എങ്ങിനെയാണ് അറിഞ്ഞത്?

കർണ്ണൻ:—എല്ലാം എനിയ്ക്ക് സൂര്യഭഗവാനിൽ നിന്ന് അറിവുകിട്ടി.

ഇന്ദ്രൻ;—എന്നിട്ടും ഇതെല്ലാം നീ എനിയ്ക്കു തന്ന തെന്തുകൊണ്ടാണ്? യുദ്ധത്തിൽ വിജയം വരിയ്ക്കാനുള്ള ആഗ്രഹം നിനക്കും ഉണ്ടായിരിയ്ക്കണമല്ലോ!

കർണ്ണൻ:—തീർച്ചയായും ഉണ്ട്. അതുകൊണ്ടുതന്നെ അങ്ങയുടെ അപേക്ഷ നിഷേധിയ്ക്കാമായിരുന്നു. പക്ഷേ ഞാൻ കർണ്ണനാണ്. ജപിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ആർ വന്ന് എന്താവശ്യപ്പെട്ടാലും കൊടുക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. എൻെറ പ്രതിജ്ഞയ്ക്ക് ഒരി യ്ക്കലും ഭംഗം വരാൻ പാടില്ല.

ഇന്ദ്രൻ:—സൂര്യഭഗവാൻ നിന്നെ തടയുകയുണ്ടായില്ലേ?

കർണ്ണൻ:—അദ്ദേഹം തടഞ്ഞിരുന്നു. അർജ്ജുനനു വേണ്ടി അങ്ങ് വളരെ ക്ലേശിയ്ക്കുന്നു. കപടവേഷം ധരിയ്ക്കുന്നു. കളവു പറയുന്നു. അതുകൊണ്ട് പിതൃഹൃദയത്തെപ്പററി എന്നേക്കാൾ നന്നായി അങ്ങയ്ക്ക് അറിയാമെന്ന് വ്യക്തമാണല്ലോ.

ദേവേന്ദ്രൻ കർണ്ണൻെറ കാലു പിടിച്ചുകൊണ്ട് പറഞ്ഞു:—“കർണ്ണാ, കർണ്ണാ! നീ തികച്ചും അഭിവന്ദ്യനാണ്. നിൻെറ മുമ്പിൽ നിന്നുകൊണ്ട് നിന്നിൽനിന്ന് പ്രസരിയ്ക്കുന്ന തേജസ്സിനേ സഹിപ്പാനുള്ള ശക്തി എനിയ്ക്കില്ല.”

കർണ്ണൻ:—അങ്ങ് സുഖമായി പോയാലും. രഥം തെയ്യാറായി നില്ക്കുന്നു.

ഇന്ദ്രൻ:–കർണ്ണാ, എൻെറ കാല് വേദനിയ്ക്കുന്നു ണ്ടെന്നും അതുകൊണ്ടാണ് ഞാൻ പോകാതിരുന്നതെന്നും ആണോ നീ കരുതിയത്? പുറത്തുള്ള വാതിൽ അടച്ചതു കൊണ്ട് ഞാൻ ഇവിടെ നിന്നതാണെന്ന് നീ വിചാരി ച്ചുവോ? എന്നാൽ എൻെറ അന്തർഭാഗത്തുള്ള കവാട മായിരുന്നു അടഞ്ഞിരുന്നത്. അതിപ്പോൾ തുറക്കുകയും ചെയ്തു.

കർണ്ണൻ:–എന്നാൽ അങ്ങ് എന്തുകൊണ്ട് പോകു ന്നില്ല?

ഇന്ദ്രൻ;–എങ്ങിനെയാണ് പോകേണ്ടത്? ഈ കവചകുണ്ഡലങ്ങൾ അഴിച്ചു വാങ്ങിയതിനുശേഷം എൻെറ ഹൃദയത്തിൽ ഒരു വലിയ ഭാരമുള്ളതായി തോന്നുന്നു. നിനക്കതിനെപ്പററി എന്തറിയാം? ഒരാളുടെ ജീവിതം മുഴുവൻ തകർത്തുകൊണ്ട് പോകുന്നത് എത്ര പ്രയാസമേറിയ ഒരു കൃത്യമാണ്! ഇതിനെപ്പററി അറിയ ണമെങ്കിൽ എൻെറ മനസ്സിനുള്ളിൽ കടന്നു നോക്കണം. ദൈത്യന്മാരെ നിഗ്രഹിയ്ക്കുന്ന ഇന്ദ്രൻ ഒരടിപോലും നട ക്കുവാൻ വയ്യാതെ ദുർബ്ബലനായി തീർന്നിരിയ്ക്കുകയാണ്.

കർണ്ണൻ:–ദേവരാജൻ! എന്നെ ലജ്ജിതനാക്ക രുത്.

ഇന്ദ്രൻ;–കർണ്ണാ, ഒരു കാര്യം ചോദിച്ചു കൊ ള്ളട്ടെ?

കർണ്ണൻ:–അതിനെന്താണ് വിരോധം?

ഇന്ദ്രൻ:–കവചകുണ്ഡലങ്ങൾ അഴിയ്ക്കുന്ന സമ യത്ത് നിൻെറ മനസ്സിൽ ലേശംപോലും സങ്കോചമുണ്ടാ യിരുന്നില്ലേ?

കർണ്ണൻ:-എങ്ങിനെ സങ്കോചമുണ്ടാവാനാണ്? സങ്കോചമുണ്ടെങ്കിൽത്തന്നെ അത് അങ്ങയ്ക്കായിരിയ്ക്കുമല്ലോ. എനിയ്ക്കെന്തിന്? ഇന്ദ്രനേപ്പോലുള്ള ഒരു ദേവൻ ബ്രാഹ്മണവേഷം ധരിച്ച് എൻെറ ഗൃഹത്തിൽ യാചിയ്ക്കുവാൻ വരുന്നത് എന്നെ സംബന്ധിച്ചേടത്തോളം ഒരു മഹാ ഭാഗ്യമായിരിയ്ക്കുമെന്നു് ഞാൻ സൂര്യഭഗവാനോട് പറയുകയുണ്ടായി.

ഇന്ദ്രൻ:-കർണ്ണാ, നീ പറയുന്നതു കേൾക്കുമ്പോൾ എൻെറ മനസ്സ് നീറുന്നു. ഈ കവചകുണ്ഡലങ്ങൾ നഷ്ടപ്പെട്ടാൽ അർജ്ജുനനോട് എതിരിടുവാൻ പ്രാപ്തിയില്ലാത്തവനായിത്തീരുമെന്ന വിചാരം നിനക്ക് എന്തുകൊണ്ടാണ് ഉണ്ടാവാതിരുന്നത്? അങ്ങിനെ വിചാരിച്ചിട്ടെങ്കിലും നീ നിഷേധിച്ചില്ലല്ലോ.

കർണ്ണൻ:-അർജ്ജുനനോട് ഞാൻ ഇന്നുതന്നെ യുദ്ധം ചെയ്യുവെന്നും അതിൽ അർജ്ജുനൻ പരാജിതനായെന്നും അങ്ങ് ധരിച്ചാൽ മതി. അർജ്ജുനൻെറ വിജയത്തിനുവേണ്ടി ദേവരാജനായ ഇന്ദ്രനുപോലും എന്നെപ്പോലുള്ളവരോട് കവചകുണ്ഡലങ്ങൾ യാചിക്കേണ്ടി വരികയാണെങ്കിൽ അതിൻെറ അത്ഥം അർജ്ജുനൻ പരാജിതനായിപ്പോയി എന്നല്ലാതെ മറെറന്താണ? ഒരു പക്ഷേ പ്രത്യക്ഷമായ യുദ്ധത്തിൽ അർജ്ജുനൻെറ ശരീരം നിലനില്ക്കുകയും എൻെറ ശരീരം നശിയ്ക്കുകയും ചെയ്തേക്കാം. അതുകൊണ്ടെന്താണ്? അങ്ങ് സസുഖംപോയാലും. നിൻെറ വിജയം ഞാൻ കൊണ്ടുവന്നിട്ടുണ്ട് എന്നു് അർജ്ജുനനോട് അങ്ങ് പറയണം. കർണ്ണൻെറ ശരീരം ഇനിമുതൽ ശസ്ത്രങ്ങളെക്കൊണ്ട് ഭേദിയ്ക്കുവാൻ കഴിയുമെന്നും നിൻെറ അസ്ത്രങ്ങൾ അതിന് ഉപയോഗപ്രദമായിത്തീരുമെന്നും അങ്ങ് അർജ്ജുനനോട് പറയണം.

ഇന്ദ്രൻ:—കണ്ണാ, ഞാൻ പറയുന്ന കാര്യം നീ സ്വീകരിക്കുമോ?

കണ്ണൻ:—ആജ്ഞാപിച്ചാലും!

ഇന്ദ്രൻ:—ഇതൊരാജ്ഞയല്ല. എന്നോട് നീ എന്തെങ്കിലും ആവശ്യപ്പെടണം.

കണ്ണൻ:—അങ്ങയുടെ അനുഗ്രഹമുണ്ടായാൽ ഞാൻ ധന്യനായി.

ഇന്ദ്രൻ:—അതു കൂടാതെ വേറെ വല്ലതും ആവശ്യപ്പെടണം.

കണ്ണൻ:—അങ്ങയോട് ഒന്നുംതന്നെ ആവശ്യപ്പെടുവാൻ എനിക്കു മനസ്സുവരുന്നില്ല.

ഇന്ദ്രൻ:—എന്നാൽ നീ എന്തെങ്കിലും ആവശ്യപ്പെടുന്നതുവരെ എനിക്കു് ഇവിടെനിന്നു് പോകുക സാദ്ധ്യമല്ല. ആരോ എന്നെ ഇവിടെ തടഞ്ഞുനിർത്തിയതു പോലെ തോന്നുന്നു. ഒരടിപോലും നടക്കുവാൻ എനിക്കു സാധിക്കുന്നില്ല. എന്റെ മനസ്സിൽ എന്തെല്ലാമോ നടന്നു കൊണ്ടിരിക്കുന്നു. നീ എന്തെങ്കിലും ആവശ്യപ്പെടുക.

കണ്ണൻ:—അങ്ങിനെയാണെങ്കിൽ അങ്ങ് ഇഷ്ടമുള്ളത് എനിക്കു തന്നാലും.

ഇന്ദ്രൻ:—അങ്ങിനെ വേണ്ട. നീ ആവശ്യപ്പെടണം. എന്നാൽ മാത്രമേ എനിക്കു സമാധാനം ലഭിക്കുകയുള്ളു.

കണ്ണൻ:—എന്നാൽ സൂര്യഭഗവാൻ നിർദ്ദേശിച്ച അതുതന്നെ ഞാൻ ആവശ്യപ്പെടുന്നു. അങ്ങയുടെ ദിവ്യശക്തി എനിക്കു നൽകണം.

ഇന്ദ്രൻ:-കർണ്ണാ, നീ ശരിയായ ഒരു വസ്തുവാണ് ആവശ്യപ്പെട്ടത്. ശരി, എൻെറ ദിവ്യശക്തി ഞാൻ നിനക്കു നൽകുന്നു. ഈ ശക്തി ആരിലാണോ പ്രയോഗിയ്ക്കുന്നത് ആ മനുഷ്യൻ മരിച്ചു പോകുന്നതാണ്. അതാണ് ഇതിൻെറ വിശേഷത. അത് ആരായാലും വേണ്ടതില്ല. എന്നാൽ ഒരു പ്രാവശ്യം മാത്രമേ ഈ ശക്തി നിനക്കു പ്രയോഗിപ്പാൻ സാധിയ്ക്കുകയുള്ളു.

ഇത്രയും പറഞ്ഞ് ഇന്ദ്രൻ കർണ്ണനു് തൻെറ ദിവ്യശക്തി നല്കി. പിന്നീട് അദ്ദേഹം ഇങ്ങിനെ പറഞ്ഞു:- "മകനേ കർണ്ണാ, ഇപ്പോൾ ഈ കവചകുണ്ഡലങ്ങളുടെ ഭാരം കുറെ കുറഞ്ഞതായി തോന്നുന്നു. ഇനി എനിയ്ക്കു് പോകുവാൻ കഴിയും. നിൻെറ കവചകുണ്ഡലങ്ങളെ ഞാൻ അഴിപ്പിച്ചു എന്ന വിചാരം ഇതുവരെ എൻെറ മനസ്സിനെ അസ്വസ്ഥമാക്കിയിരുന്നു. എന്നാൽ അതിനു പകരമായി എനിയ്ക്കു് ചിലത് തരുവാനും കഴിഞ്ഞു എന്നുള്ളതുകൊണ്ട് എൻെറ മനസ്സിന്നു് സമാധാനം ലഭിച്ചിരിയ്ക്കുന്നു. അർജ്ജുനൻെറ നേക്ക് വേണമെങ്കിൽ നിനക്ക് ഈ ദിവ്യശക്തി പ്രയോഗിക്കാവുന്നതാണ്. ഏതു വ്യക്തിയായാലും വേണ്ടതില്ല, ഒരു തവണമാത്രം ഇതു് പ്രയോഗിയ്ക്കുക. എന്നാൽ ഞാൻ പോകട്ടെ. ഈശ്വരൻ നിനക്ക് നന്മ വരുത്തട്ടെ.

ഇന്ദ്രൻ കർണ്ണൻെറ കവചകുണ്ഡലങ്ങളുമെടുത്ത് തൻെറ ലോകത്തിലേയ്ക്കു പോയി. കർണ്ണൻ ദിവ്യശക്തിയും ധരിച്ചുകൊണ്ട് കൊട്ടാരത്തിലേയ്ക്കും യാത്രയായി.

## ഏഴ്

# സേനാപതിയായ കണ്ണൻ

മദ്രരാജാവായ ശല്യൻ തമ്പിനുള്ളിൽ പ്രവേശിച്ചുകൊണ്ട് ചോദിച്ചു:-"ദുര്യോധന മ ഹാ രാ ജാവേ! അങ്ങ് എന്തിനാണ് എന്നെ വിളിച്ചത്?"

ദുര്യോധനൻ;-രാജൻ! നമ്മുടെ ശക്തി ദിനം പ്രതി ക്ഷയിച്ചുകൊണ്ടിരിയ്ക്കുകയാണെന്നു് താങ്കൾക്കറിയാമല്ലോ. ഭീഷ്മർ ശര ശയ്യയിൽ ഉറങ്ങിക്കഴിഞ്ഞു. ഇന്നലെ യുദ്ധക്കളത്തിൽവെച്ച് ദ്രോണാചാര്യരും ചരമമടഞ്ഞു. അവർ രണ്ടുപേരും ഉണ്ടായിരുന്ന കാലത്ത് എനിയ്ക്ക് യാതൊരു ഭാരവുമുണ്ടായിരുന്നില്ല. എന്നാൽ ഇന്നു് സേനാപതിയായി ആരെയാണ് നിശ്ചയിക്കേണ്ടതെന്ന ഒരു പ്രധാന പ്രശ്നം ഉളവായിരിക്കുന്നു.

ശല്യൻ:-മഹാരാജാവേ! ന മ്മു ടെ സൈ ന്യ ത്തിൻ വീരന്മാരായ യോദ്ധാക്കളുടെ കുറവില്ലല്ലോ!

ദുര്യോധനൻ:-അതു ശ രി യാ ണ്. ഞാ ൻ കണ്ണനെ സേനാപതിയാക്കുവാൻ നിശ്ചയിച്ചിരിക്കുന്നു

ശല്യൻ:-ആ സൂതപുത്രനേയോ? അങ്ങക്ക് ക്ഷത്രിയന്മാരെ ആരേയും കിട്ടിയില്ലേ?

ദുര്യോധനൻ:-എന്റെ മുമ്പിൽ സൂതപുത്രനും ക്ഷത്രിയപുത്രനും തുല്യരാണ്. പാണ്ഡവന്മാരെ തോല്പിക്കുക എന്നുള്ളതാണ് എന്റെ ആവശ്യം. അതുകൊണ്ട് പാണ്ഡവന്മാരോട് എതിരിടുവാൻ കെല്പുള്ള ആളായിരിക്കണം എന്റെ സേനാപതി. അതു തീച്ചപ്പെടുത്തിക്കഴിഞ്ഞു.

ശല്യൻ:-നിശ്ചയിച്ചു കഴിഞ്ഞാൽ പിന്നെ എന്നോട് ചോദിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലല്ലോ!

ദുര്യോധനൻ;-താങ്കളോട് മററൊരു കാര്യമാണ് ചോദിപ്പാനുള്ളത്

ശല്യൻ:-അതെന്താണ്?

ദുര്യോധനൻ:-കണ്ണൻ അജ്ജുനന്റെ എതിരാളിയാണ്. അജ്ജുനനെ നാളെ വധിക്കണമെന്നാണ് കണ്ണൻ കരുതുന്നത്. പാണ്ഡവന്മാർ മുഴവനും അജ്ജുനനെ ആശ്രയിച്ചാണ് നില്ക്കുന്നതും.

ശല്യൻ:-കണ്ണൻ കാക്കയാണ്. കാ, കാ, എന്നു പറയുവാനല്ലാതെ അവനെന്തറിയാം?

ദുര്യോധനൻ:-ഞാൻ പറയുന്നതു കേൾക്കണം, അജ്ജുനനും കണ്ണനും തുല്യ ബലവാന്മാരാണ്.

ശല്യൻ:-എന്നാൽ നാളെത്തന്നെ അജ്ജുനനെ വധിച്ച് അഭിഷേകം നടത്താമല്ലോ. അങ്ങിനെ എല്ലാ കുഴപ്പവും തീരും. ഭീഷ്മനു പകരമായി കണ്ണനെയായിരുന്നു മുമ്പുതന്നെ സേനാപതിയാക്കേണ്ടിയിരുന്നത്.

ദുര്യോധനൻ:_മദ്രരാജൻ! ക്ഷോഭിയ്ക്കാതിരിയ്ക്കണം. നമ്മുടെ രണ്ടുകൂട്ടരുടേയും സമയമാണ് വൃഥാ പൊയ്പ്പോകുന്നത്.

ശല്യൻ:_എന്നാൽ എന്നോടു പറയാനുള്ളത് വേഗത്തിൽ പറയണം.

ദുര്യോധനൻ:_കണ്ണനും അർജ്ജുനനും തുല്യ ബലവാന്മാരാണെങ്കിലും അർജ്ജുനന്റെകൂടെ ശ്രീകൃഷ്ണനുണ്ട്.

ശല്യൻ;_എന്നാൽ കണ്ണനും ഒരു കൃഷ്ണനെ കൊണ്ടുവന്നു കൊടുക്കണം. കണ്ണന്റെ ജാതിയിൽ നിരവധി 'കൃഷ്ണ'ന്മാർ ഉണ്ട്.

ദുര്യോധനൻ;_ശല്യൻ! അങ്ങിനെ പറയാതിരിയ്ക്കൂ. ശ്രീകൃഷ്ണൻ അർജ്ജുനന്റെ രഥം നടത്തുന്നതുപോലെ മദ്രരാജനായ ശല്യൻ തന്റെ രഥം തെളിയ്ക്കുകയാണെങ്കിൽ നാളെ കുന്തീപുത്രൻ ജീവനോടുകൂടി രക്ഷപ്പെടുന്നതല്ല എന്നാണ് കണ്ണൻ പറയുന്നത്.

ശല്യൻ;_ദുര്യോധന മഹാരാജാവേ! അങ്ങൊഴിച്ച് വേറെ വല്ലവരും ആയിരുന്നു ഇപ്രകാരം പറഞ്ഞിരുന്നതെങ്കിൽ അവന്റെ തലയും ഉടലും ഞാൻ വേർപ്പെടുത്തുമായിരുന്നു. ഞാൻ മദ്രരാജാവാണ്. എന്റെ മരുമക്കളായ നകുല സഹദേവന്മാരോട് ചേർന്നാണ് ഞാൻ യുദ്ധം ചെയ്യേണ്ടിയിരുന്നത്. എന്നാൽ അങ്ങയോടുള്ള സ്നേഹം കൊണ്ടാണ് ഞാൻ കൌരവപക്ഷത്തിൽ ചേർന്നത്. കണ്ണനേപ്പോലുള്ള ഒരു സൂതപുത്രന്റെ തേരാളിയായി മദ്രരാജാവ് ഇരിയ്ക്കണമെന്നു് പറയുന്നതിന്നു് അങ്ങയ്ക്ക് ലജ്ജ തോന്നുന്നില്ലല്ലോ.

ദുര്യോധനൻ;_മദ്രരാജൻ! ദേഷ്യപ്പെടാതിരിയ്ക്കൂ. സമയം വളരെ കുറവാണ്. കർണ്ണനെ സേനാപതിയാക്കിയിട്ടില്ലെങ്കിൽ നാളെ നമ്മൾ പരാജിതരായിത്തീരും. താങ്കൾ സാരഥിയായിട്ടില്ലെങ്കിൽ കർണ്ണൻ സേനാപതിയുമാവുകയില്ല. അതുകൊണ്ട് ഞാൻ പറയുന്നതിനെ അങ്ങ് ദയവുചെയ്ത് അനുസരിയ്ക്കണം.

ശല്യൻ;_ദുര്യോധനാ! മിഥ്യാഭിമാനിയും ഭീരുവുമായ ആ ദാസീപുത്രൻെറ സാരഥിയായിരിയ്ക്കുക എന്നത് എനിയ്ക്ക് മരിയ്ക്കുന്നതിന്നു് തുല്യമാണ്.

ദുര്യോധനൻ:_എന്നാൽ കൗരവരാജനായ ദുര്യോധനൻ താങ്കളുടെ കാൽക്കൽ വീണപേക്ഷിയ്ക്കുന്നു. ഈ അപേക്ഷയെ താങ്കൾ നിരസിക്കരുത്.

ശല്യൻ:_ദുര്യോധനാ, സേനാപതിയാകുവാൻ യോഗ്യതയുള്ള ഒരാളെ പിടിച്ച് സാരഥിയാക്കുന്നത് കടുത്ത അധർമ്മമാണ്.

ദുര്യോധനൻ;_ഈ അധർമ്മം ചെയ്യുന്നത് ഞാനല്ലേ? ദുര്യോധനൻ താങ്കളുടെ കാലുപിടിച്ചപേക്ഷിയ്ക്കുന്നു. എനിയ്ക്കുവേണ്ടി താങ്കൾ ഇതു സ്വീകരിയ്ക്കണം.

ശല്യൻ:_ആ കാക്കയുമായി ഞാൻ യോജിയ്ക്കുകയില്ല.

ദുര്യോധനൻ:_അതു ഞാൻ നോക്കിക്കൊള്ളാം. താങ്കൾ ഞാൻ പറയുന്നത് അനുസരിച്ചാൽ മതി. ബാക്കിയുള്ള കാര്യങ്ങളെല്ലാം ഞാൻ ശരിപ്പെടുത്തിക്കൊള്ളാം.

ശല്യൻ._പക്ഷേ ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ മാത്രമേ ഞാനിത് സ്വീകരിയ്ക്കുകയുള്ളൂ.

ഞാൻ പറയുന്നതിനൊന്നുംതന്നെ കർണ്ണൻ മറുപടി പറയരുത് എന്നുള്ളതാണ് അത്.

ദുര്യോധനൻ:-അതിനു വിരോധമില്ല. ഞാൻ കർണ്ണനോട് പറയാം. എന്നാൽ താങ്കൾ സാരഥിയാകുവാൻ തെയ്യാറല്ലേ?

ശല്യൻ:-അതെ.

ദുര്യോധനൻ:-മദ്രരാജൻ! ഇന്ന് താങ്കൾ എന്നെ വലിയ കടപ്പാടുള്ളവനാക്കിത്തീർത്തു. നാളെ കുന്തീപുത്രൻ യുദ്ധക്ഷേത്രത്തിൽ മരിച്ചുവീഴും. അതിന് ലേശംപോലും സംശയമില്ല. ഞാൻ കർണ്ണനെ ഇപ്പോൾതന്നെ വിവരമറിയിക്കാം. താങ്കൾ തെയ്യാറായിവന്നാലും. അങ്ങിനെ ദുര്യോധനനും ശല്യനും പിരിഞ്ഞുപോയി.

* *

മഹാഭാരതയുദ്ധം തുടങ്ങീട്ട് പതിനാറാമത്തെ ദിവസമാണ്. സുന്ദരമായ ഒരു തേരിൽ ഇരുന്നുകൊണ്ട് കർണ്ണൻ പാണ്ഡവന്മാരുടെ സൈന്യങ്ങളെ സംഹരിക്കുകയായിരുന്നു. കൃപാചാര്യനും അശ്വത്ഥാമാവും മഹാവീരനായ കർണ്ണന്റെ രക്ഷ ചെയ്തുകൊണ്ടിരുന്നു.

കർണ്ണൻ:-ശല്യരേ! എന്റെ രഥത്തെ അർജ്ജുനന്റെ രഥത്തിന്റെ നേരെ മുമ്പിലേയ്ക്കു കൊണ്ടുപോകുക. ഇന്ന് വൈകുന്നേരമാവുമ്പോഴെയ്ക്കും അർജ്ജുനനെ സംഹരിക്കുകതന്നെ വേണം.

ശല്യൻ:-എടോ ദാസീപുത്രാ! നീ എന്തിനാണ് ഇങ്ങിനെ വീരസ്യം പറയുന്നത്? കാക്ക എപ്പോഴെങ്കിലും ഹംസത്തേ നിഗ്രഹിച്ചിട്ടുണ്ടോ?. സൂതപുത്രനായ നീ എവിടെ! പൃഥപീപുത്രനായ അർജ്ജുനനെവിടെ! ഇതു

വരെ നീ വളരെ അധികം വീരസ്യം പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ഊററം പറഞ്ഞതുകൊണ്ട് കാര്യം നടക്കുവാൻ പോകുന്നില്ല.

രഥം തെളിച്ചുകൊണ്ടിരുന്ന ശല്യൻെറ വാക്കു കേട്ടപ്പോൾ കർണ്ണൻ ഇതികർത്തവ്യതാവിമൂഢനായിത്തീൎന്നു.

* *

കർണ്ണൻ:—ശല്യരേ! രഥത്തെ ഒന്ന് ഇങ്ങോട്ടു തെളിക്കുക.

ശല്യൻ:—അവിടെ മുമ്പിൽ നില്ക്കുന്നതു ഭീമനാണ്.

കർണ്ണൻ:—ആര് ഭീമനോ? എന്നാൽ അവനെ തന്നെ ആദ്യം കൊന്നുകളയാം.

ശല്യൻ:—എടോ രാധാപുത്രാ, നിനക്കെന്തറിയാം? ഇന്നലെ ഘടോൽക്കചൻ ഒററയ്ക്കാണ് നിങ്ങളുടെ സൈന്യത്തിൽ വമ്പിച്ച കോളിളക്കം സൃഷ്ടിച്ചത്. അതു മറന്നുപോയോ? നിനക്കുതന്നെ വളരെ വിഷമം നേരിടുകയുണ്ടായി. ദിവ്യശക്തി പ്രയോഗിച്ചാണ് അവനെ കൊന്നത്. ആ ഘടോൽക്കചൻെറ പിതാവാണ് ഭീമൻ. ഭീമനോട് യുദ്ധംചെയ്യാൻ അത്ര ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ദുശ്ശാസനൻെറ മാറുപിളൎന്ന് ചോരകുടിയ്ക്കുന്ന അവസരത്തിലായിരുന്നു ആയാളുടെ മുമ്പിൽ പോകേണ്ടിയിരുന്നത്.

ഇതു കേട്ടപ്പോൾ കർണ്ണൻ വീണ്ടും നിശ്ചലനായിത്തീൎന്നു.

* *

'യുധിഷ്ഠിര മഹാരാജാവ് കിതച്ചുകിതച്ചുകൊണ്ട് പറഞ്ഞു:—"അൎജ്ജുനാ! അൎജ്ജുനാ! അൎജ്ജുനനെവിടെ?"

ശ്രീകൃഷ്ണൻ:-അർജ്ജുനൻ വരുന്നുണ്ട്.

അർജ്ജുനൻ:-മഹാരാജാവ് എന്തിനാണ് എന്നെ വിളിച്ചത്?

യുധിഷ്ഠിരൻ:-എനിയ്ക്കിനി യുദ്ധം ചെയ്യേണ്ടതില്ല. യുദ്ധം ആവശ്യമില്ലെന്ന് ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ നീയും ഭീമനും അതു സമ്മതിച്ചില്ല.

അർജ്ജുനൻ:-മഹാരാജാവേ, എന്താണ് വിശേഷിച്ചുണ്ടായത്? അതു പറയൂ. അല്പം ശാന്തനായിരിയ്ക്കുക. എന്നിട്ട് കാര്യമെന്താണെന്ന് പറയണം.

യുധിഷ്ഠിരൻ:-ഞാൻ വളരെ വിഷമിച്ചിട്ടാണ് മരണത്തിൻെറ വായിൽനിന്ന് രക്ഷപ്പെട്ടത്. കർണ്ണൻെറ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുക എന്നത് വളരെ പ്രയാസമേറിയ ഒരു കാര്യമാണ്. നിൻെറ തേരാളി ശ്രീകൃഷ്ണനാണ്. അതുകൊണ്ട് നീ സുഖമായിരുന്ന് യുദ്ധം ചെയ്യുന്നു. ഭീമൻ ഇഷ്ടമുള്ള സ്ഥലത്തെല്ലാം ചാടിയോടി പോകുന്നുണ്ട്. എല്ലാം സഹിയ്ക്കേണ്ടിവരുന്നത് എനിയ്ക്കാണ്. ഞാൻ ഇനി യുദ്ധം ചെയ്യുന്നതല്ല. ഇങ്ങിനെ രാജ്യം ലഭിച്ചിട്ട് എനിയ്ക്കാവശ്യമില്ല.

ധീരഗംഭീരമായ സ്വരത്തിൽ ശ്രീകൃഷ്ണൻ പറഞ്ഞു:- "മഹാരാജാവേ, അങ്ങ് കുറെ സമാധാനമായിരിയ്ക്കണം. അങ്ങ് കൂടുതൽ സംസാരിച്ചാൽ അർജ്ജുനൻ ക്ഷോഭിയ്ക്കും. അത് കുഴപ്പത്തിന്ന് കാരണമായിത്തീരുകയും ചെയ്യും. അങ്ങ് തമ്പിനുള്ളിൽ ചെന്ന് സുഖമായിരിയ്ക്കണം.

പിന്നെ കർണ്ണൻ എന്താണ് ചെയ്യുക എന്നകാര്യം അർജ്ജുനൻ നോക്കിക്കൊള്ളും. ”

യുധിഷ്ഠിരൻ:–ഇതും അത്ഭുതമായിട്ടാണ് പറയുന്നത്. അർജ്ജുനൻ ഒന്നും മിണ്ടുന്നില്ല. ഞാൻ ആദ്യത്തിൽ തന്നെ യുദ്ധംചെയ്യാൻ ഇഷ്ടപ്പെടുന്നില്ലെന്ന് പറയുകയുണ്ടായിട്ടുണ്ട്. എന്നാൽ ഇവർ രണ്ടുപേരുമാണ് അത് സമ്മതിക്കാതിരുന്നത്. ദ്രൗപദി വളരെ കരഞ്ഞു തൊഴിച്ചുനോക്കി. എന്നിട്ടും ഫലമുണ്ടായില്ല.
ശ്രീകൃഷ്ണൻ സാരഥിയോട് തമ്പിലേയ്ക്ക് രഥം കൊണ്ടുപോകാൻ ആജ്ഞാപിച്ചതിനുശേഷം പറഞ്ഞു:–“മഹാരാജാവേ! അങ്ങ് തമ്പിൽചെന്ന് സമാധാനമായി ഇരുന്നാൽ മതി.”

* *

അശ്വസേനൻ എന്നു പേരായ ഒരു സർപ്പമുണ്ടായിരുന്നു. മുമ്പൊരിക്കൽ അർജ്ജുനൻ ഖാണ്ഡവവനം ദഹിപ്പിച്ച അവസരത്തിൽ അശ്വസേനൻ വളരെ വിഷമിച്ചിട്ടാണ് തന്റെ ഭാര്യാമക്കളോടുകൂടി തീയിൽനിന്ന് പുറത്തു ചാടിയത്. അതിനുശേഷം ആ സർപ്പം പാതാളത്തിൽചെന്ന് താമസം തുടങ്ങി. മഹാഭാരതയുദ്ധം ആരംഭിച്ചുവെന്ന വർത്തമാനം അശ്വസേനൻ കേട്ടപ്പോൾ അവന്റെ പഴയ വൈരബുദ്ധി ഉണർന്നു. അതിനു പ്രതികാരം ചെയ്യാനായി അവൻ കുരുക്ഷേത്രത്തിൽ ചുററി നടക്കുവാൻ തുടങ്ങി.

കർണ്ണനും അർജ്ജുനനും അഭിമുഖമായിനിന്ന് യുദ്ധം ചെയ്യുകയായിരുന്നു. രണ്ടുപേരും സമർത്ഥന്മാരായ യോദ്ധാക്കളാണ്. രണ്ടുപേരുടെയും സാരഥികളും സമ

ൎത്ഥന്മാരായിരുന്നു. എന്നാൽ തേരുതെളിയ്ക്കുന്ന കാൎയ്യത്തിൽ ശ്രീകൃഷ്ണനേക്കാൾ സമൎത്ഥനായിരുന്നു ശല്യൻ. രഥത്തിൽ പൂട്ടിയ കുതിരകളെ അങ്ങോട്ടു മിങ്ങോട്ടും തിരിച്ചും അനേകം ശസ്ത്രങ്ങളെ പ്രയോഗിച്ചും കുന്തീപുത്രന്മാരായ രണ്ടുപേരും പരസ്പരം വധിയ്ക്കുന്നതിന്നുള്ള തക്കം നോക്കിക്കൊണ്ട് യുദ്ധം ചെയ്തുകൊണ്ടിരിയ്ക്കുകയായിരുന്നു.

കൎണ്ണൻ സൎപ്പാകാരത്തിലുള്ള ഒരസ്ത്രം തൊടുത്തു. അശ്വസേനൻ കൎണ്ണന്റെ രഥത്തിന്നടുത്ത് ഫൂല്ക്കാരം ചെയ്തുകൊണ്ട് ചുററുന്നുണ്ടായിരുന്നു. സൎപ്പാകാരത്തിലുള്ള അസ്ത്രം കണ്ടപ്പോൾ അവന്ന് അത്യധികം സന്തോഷമുണ്ടായി. അങ്ങിനെ കൎണ്ണന്റെ ദൃഷ്ടി പതിയുന്നതിന്നു മുമ്പായിത്തന്നെ അവൻ തന്റെ ശരീരത്തെ അസ്ത്രത്തിന്മേൽ പ്രതിഷ്ഠിച്ചു. ശല്യനുമാത്രമെ ഇതറിയുവാൻ സാധിച്ചുള്ളു.

കൎണ്ണൻ നേക്കിരുന്നു. അസ്ത്രം വില്ലിന്മേൽ കലച്ച് പിടിച്ചിട്ടുണ്ടായിരുന്നു. ഞാണ് വലിയ്ക്കേണ്ട താമസമേ ഉണ്ടായിരുന്നുള്ളു. പ്രസ്തുതഅസ്ത്രം അൎജ്ജുനന്റെ കപാലത്തിന്ന് കൊള്ളുമെന്നും അതോടുകൂടി ആയാളുടെ കഥ കഴിയുമെന്നും പ്രതീക്ഷിച്ചിരിയ്ക്കുകയായിരുന്നു കൎണ്ണൻ.

കൎണ്ണൻ:—ശല്യരെ! സൂക്ഷിച്ചുകൊള്ളു. ഈ അസ്ത്രം അൎജ്ജുനന്റെ കഥ കഴിയ്ക്കുന്നതാണ്.

ശല്യൻ:—പരാജയം പററുവാൻ പോകുന്നവരാണ് ഇങ്ങിനെ സംസാരിയ്ക്കുക. കൎണ്ണാ, അൎജ്ജുനനെ വധിയ്ക്കണമെന്ന് നിനക്കാഗ്രഹമുണ്ടെങ്കിൽ കപാലത്തെ

ഉന്നംവെച്ചല്ല അസ്ത്രം അയയ്ക്കേണ്ടത്. കഴുത്തിനു നേർക്കാണ്.

കർണ്ണൻ:- മദ്രരാജൻ! കർണ്ണൻ ഒരിയ്ക്കൽ തൊടുത്ത അസ്ത്രം മാററിത്തൊടുക്കുന്നതല്ല. ധ്രുവങ്ങൾ അവയുടെ സ്ഥാനത്തു് നിന്ന് നീങ്ങിയാൽപ്പോലും കർണ്ണൻ തൻെറ ലക്ഷ്യത്തെ മാററുന്നതല്ല.

കർണ്ണൻ നേർക്കിരുന്ന് അസ്ത്രം വിട്ടു. അർജ്ജുനൻെറ രഥം മുമ്പിൽ നില്ക്കുന്നുണ്ടു്. അശ്വസേനൻ തൻെറ വിദ്വേഷം മുഴുവൻ വിഷസഞ്ചിയിൽ നിറച്ചുകൊണ്ട് കർണ്ണൻെറ അസ്ത്രത്തിന്മേൽ പററിപ്പിടിച്ചിരിയ്ക്കുന്നുണ്ടായിരുന്നു. എപ്പോഴാണ് അസ്ത്രം വിടുന്നതെന്നും അർജ്ജുനനേ കടിയ്ക്കേണ്ടത് എപ്പോഴാണെന്നും ഉള്ള ഒരേ ഒരു വിചാരം മാത്രമേ അവനുണ്ടായിരുന്നുള്ളു.

എന്നാൽ അർജ്ജുനൻെറ സാരഥിയായ ശ്രീകൃഷ്ണൻ ആ സർപ്പത്തെകണ്ടു. ഖാണ്ഡവവനം ദഹിപ്പിച്ച അവസരത്തിൽ ഉടലെടുത്ത ആ വിദ്വേഷത്തെ അദ്ദേഹം മനസ്സിലാക്കിയിരുന്നു. തൽക്ഷണം അദ്ദേഹം കുതിരകളെ മുട്ടുകുത്തിച്ചു. രഥം താണുപോയി. കർണ്ണൻെറ അസ്ത്രവും സർപ്പവും അർജ്ജുനൻെറ കപാലത്തിനു പകരം കിരീടവും കൊണ്ട് ദൂരെപോയി വീണു. കർണ്ണൻെറ ലക്ഷ്യം വൃഥാവിലായിപ്പോയി.

*    *

''കർണ്ണാ, കർണ്ണാ!'' പിന്നിൽ നിന്നൊരു ശബ്ദം കേട്ട് കർണ്ണൻ തിരിഞ്ഞു നോക്കി.

കർണ്ണൻ:- ആരാണത്.

ശബ്ദം:- അഗ്രസേനനെന്ന സർപ്പമാണ് ഞാൻ

കർണ്ണൻ:- എന്തു വേണം?

അഗ്രസേനൻ:- അർജ്ജുനനേ കൊല്ലുവാൻ നിന ക്കാഗ്രഹമുണ്ടോ?

കർണ്ണൻ:- അതെല്ലാവക്കും അറിയാവുന്ന കാര്യ മാണല്ലൊ. അതിന് നിനക്കെന്തുവേണം?

അഗ്രസേനൻ:-അർജ്ജുനൻെറ ബദ്ധശത്രുവാണ് ഞാൻ. അതുകൊണ്ടാണ് ഇവിടെയ്ക്കു വന്നത്. എന്നെ നീ ഒരിയ്ക്കൽകൂടി അസ്ത്രത്തിൽവെച്ച് തൊടുക്കണം. എന്നാൽ അർജ്ജുനൻ ബാക്കിയുണ്ടാവുകയില്ല. അത് നിശ്ചയമാണ്. ആദ്യത്തെതവണ നിനക്കു തെററുപററി. അതുകൊണ്ടാണ് ഉന്നം പിഴച്ചുപോയത്. ഇനി ഒരി യ്ക്കൽക്കൂടി അസ്ത്രത്തിന്മേൽ ഇരിയ്ക്കണമെന്ന ഉദ്ദേശത്തോടു കൂടിയാണ് ഞാൻ വന്നിട്ടുള്ളത്.

കർണ്ണൻ:-ആദ്യത്തെ തവണ നീ അസ്ത്രത്തി ന്മേൽ കയറി ഇരുന്നിട്ടുണ്ടായിരുന്നുവോ? എങ്ങിനെ യാണ് അതു ചെയ്തത്? ഞാൻ അറിഞ്ഞതേയില്ല. ശല്യരെ, താങ്കൾ അറിഞ്ഞിരുന്നുവോ?

ശല്യൻ:-ഞാൻ അറിഞ്ഞിരുന്നു. അതുകൊ ണ്ടാണ് കപാലത്തിന്നു പകരം കണ്ഠത്തെ ലാക്കാക്കി അസ്ത്രമയയ്ക്കണമെന്നു പറഞ്ഞത്. എന്നാൽ അഭിമാനി യായ കർണ്ണനുണ്ടോ മററുള്ളവരുടെ ഉപദേശം കേൾ ക്കുന്നു!

കർണ്ണൻ:-ശല്യരെ! അതിൽ എനിയ്ക്കു് ലേശം പോലും സങ്കടമില്ല. അഗ്രസേനാ, നിന്നെ അസ്ത്രത്തിൽ ഇരുത്തികൊണ്ട് അർജ്ജുനനെ ജയിയ്ക്കുവാൻ ഞാൻ

ആഗ്രഹിയ്ക്കുന്നില്ല, അങ്ങിനെ അധർമ്മംചെയ്ത് ജയം വരിയ്ക്കുവാൻ കർണ്ണൻ ലേശംപോലും ഇഷ്ടപ്പെടുന്നില്ല.

അശ്വസേനൻ:- കർണ്ണാ! ഒന്നുകൂടി ചിന്തിച്ചു നോക്കണം. എന്നെപ്പോലുള്ള ഒരു സർപ്പം വന്നു് നിന്നോടു അപേക്ഷിയ്ക്കുകയാണു് ചെയ്യുന്നത്. അതിനെ നിരാകരിച്ചാൽ ഭാവിയിൽ പശ്ചാത്തപിക്കേണ്ടിവരും.

കർണ്ണൻ:- അതു സാരമില്ല. അതെല്ലാം ഞാൻ നോക്കിക്കൊള്ളാം.

കർണ്ണന്റെ രഥം മുമ്പോട്ടു നീങ്ങി.

എട്ട്

## കർണ്ണൻെറ അന്ത്യം

കർണ്ണൻ:-ശല്യരേ, തേരിൻെറ ചക്രം ഭൂമിയിൽ പൂന്തിപ്പോകുന്നുവല്ലോ. അതിനെ ഒന്ന് പുറത്തെടുക്കുക.

ശല്യൻ:-അതെൻെറ പ്രവൃത്തിയല്ല.

കർണ്ണൻ:-ഭൂമിതന്നെ ചക്രത്തെ പിടിച്ചുനിർത്തുകയാണെങ്കിൽ അതിനെ പുറത്തെടുക്കുവാൻ എന്നെക്കൊണ്ടല്ലാതെ മററാരെക്കൊണ്ടാണ് സാധിയ്ക്കുക!

കർണ്ണൻ തേരിൽനിന്ന് താഴെയിറങ്ങി. ചക്രം പൊന്തിച്ച് നേർക്കനിർത്തി വീണ്ടും തേരിൽ കയറിഇരുന്നു. അപ്പോഴെയ്ക്കും ചക്രം വീണ്ടും നിലത്തുപൂന്തി.

കർണ്ണൻ:-ശല്യരേ, നില്ക്കു, ഞാൻ താഴെ ഇറങ്ങട്ടെ.

കർണ്ണൻ താഴെഇറങ്ങി വീണ്ടും ചക്രം പിടിച്ചു പൊന്തിച്ചു. മുമ്പിൽ നിന്നിരുന്ന അർജ്ജുനൻ അസ്ത്രങ്ങൾ വർഷിച്ചുകൊണ്ടിരുന്നു.

ശ്രീകൃഷ്ണൻ:- അർജ്ജുനാ, ആക്രമണം മുറയ്ക്കു തുടന്നുകൊൾക. ഒരു നിമിഷംപോലും കളയരുത്.

ചക്രം പിടിച്ചുപൊന്തിച്ച് മേല്പോട്ടു വെച്ചു കൊണ്ട് കർണ്ണൻ പറഞ്ഞു:- "പൃഥാപുത്രനായ അർജ്ജുനാ! എന്റെ രഥത്തിന്റെ ചക്രം ഭൂമിയിൽ ആണ്ടു പോകുന്നു. ഞാൻ അത് പൊന്തിച്ച് നിലയ്ക്കു നിർത്തുന്നതുവരെ നീ ആക്രമണം തുടരരുത്. രഥത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ട് ഞാൻ ചക്രം വലിച്ചെടുക്കുകയാണ്. നീ രഥത്തിലിരുന്നുകൊണ്ട് അസ്ത്രങ്ങൾ വർഷിയ്ക്കുകയും ചെയ്യുന്നു. ഇത് ധർമ്മയുദ്ധമല്ല. ഇതു കേട്ടിട്ട് ശ്രീകൃഷ്ണൻ ഗർജ്ജിച്ചു:- "കർണ്ണാ, ധർമ്മയുദ്ധത്തെപ്പററിയുള്ള നിന്റെ വ്യാഖ്യാനം കേൾക്കുമ്പോൾ എനിയ്ക്കു ചിരി വന്നുപോകുന്നു. നിന്റെ ജീവിതം മുഴുവൻ നീ ധർമ്മാചരണം ചെയ്തിട്ടുണ്ടോ? പാണ്ഡവന്മാരെ അരക്കില്ലത്തിലിട്ട് ചുടണമെന്ന നിർദ്ദേശം നല്കിയ അവസരത്തിൽ നിന്റെ ധർമ്മം എവിടെയായിരുന്നു? കൌരവസഭയിലേയ്ക്കു് വലിച്ചിഴച്ച് കൊണ്ടുവരപ്പെട്ട പാഞ്ചാലിയോട് 'പാണ്ഡവന്മാരെ ഒഴിച്ച് നീ മററൊരു ഭർത്താവിനെ സ്വീകരിയ്ക്കണം' എന്നുപദേശിച്ച കർണ്ണന്റെ ധർമ്മം അപ്പോൾ എവിടെ പോയിരുന്നു! പാണ്ഡവന്മാർ വനവാസം ചെയ്തിരുന്ന കാലത്ത് അവരെ ബുദ്ധിമുട്ടിയ്ക്കുവാൻവേണ്ടി നാനാതരം ഉപായങ്ങൾ കണ്ടുപിടിച്ചിരുന്ന സമയത്ത് കർണ്ണന്റെ ധർമ്മം എവിടെ പോയിരുന്നു? ഇന്നലെ വിരിഞ്ഞ പുഷ്പംപോലെ കോമളനും ബാലകനു

മായ അഭിമന്യുവിനെ ഒററയ്ക്ക് ആറു മഹാരഥന്മാർ ഒന്നിച്ചുചേർന്ന് ആക്രമിച്ചു കൊന്ന അവസരത്തിൽ കർണ്ണൻെറ ധർമ്മം എവിടെയായിരുന്നു? അർജ്ജുനാ, ധർമ്മ വിശ്വാസത്തിൻെറ കപടവേഷം ധരിയ്ക്കരുത്. കർണ്ണനെ വധിയ്ക്കുക.

കർണ്ണൻ രഥത്തിൻെറ ചക്രം പൊന്തിച്ചുവെച്ചു ഉടനെ അത് വീണ്ടും നിലത്ത് ആണ്ടുപോയി. അർജ്ജുനൻ അസ്ത്രവർഷം ചെയ്തുകൊണ്ടിരിയ്ക്കുകയാണ്. കർണ്ണൻ അല്പ നേരം രഥത്തിലിരുന്നു. പിന്നീട് താൻ ചന്ദനംകൊണ്ടും ധൂപാദികൾകൊണ്ടും ദിവസേന പൂജിച്ചുവരുന്ന ബ്രഹ്മാസ്ത്രത്തെ കയ്യിലെടുത്തു. എന്നാൽ അത് തൊടുക്കേണ്ടതെങ്ങിനെയാണെന്ന് അദ്ദേഹം മറന്നുപോയിരുന്നു. കയ്യിൽ അസ്ത്രവും പിടിച്ച് താഴെഇറങ്ങിയ കർണ്ണൻ വീണ്ടും ചക്രം പൊന്തിച്ചു നിർത്തുവാൻ തുടങ്ങി.

കർണ്ണൻ:-അർജ്ജുനാ, ലേശം നില്ക്കുക. ക്ഷത്രിയ ധർമ്മത്തെ ഓർക്കുക.

കർണ്ണൻ ചക്രത്തിന്നടുത്തുചെന്നു് എന്തുവേണമെന്നറിയാതെ നില്പായി. അദ്ദേഹത്തിൻെറ ഒരു കയ്യിൽ ചക്രവും മറേറ കയ്യിൽ അസ്ത്രവും ഉണ്ട്. ശരീരം മുഴുവൻ മുറിപ്പെട്ടുപോയിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകൾ ഇരുട്ടടഞ്ഞു. പരശുരാമനേയും ആശ്രമത്തേയും അദ്ദേഹം തൻെറ മുമ്പിൽ കണ്ടു. യുദ്ധക്കളം മുഴുവനും ശൂന്യത ബാധിച്ചിട്ടുള്ളതായി കർണ്ണനു തോന്നി.

കർണ്ണൻ:-ശല്യരെ! ശല്യരെ!

ശല്യർ:-എന്തുവേണം കർണ്ണാ

കർണ്ണൻ:-ദുര്യോധന മഹാരാജാവിനെ ഇവിടെ യെങ്ങാനും കാണുന്നുണ്ടോ?

ശല്യൻ:-ഇല്ലല്ലോ. എന്താണാവശ്യം?

കർണ്ണൻ-:ഞാൻ പോകുകയാണ്. അദ്ദേഹം ആരെ വിശ്വസിച്ചാണോ മഹാഭാരതയുദ്ധം ആരംഭിച്ചത് ആ കർണ്ണൻ ഇതാ പോകുന്നു. മഹാരാജാവിനെ എന്റെ അവസാനത്തെ നമസ്ക്കാരം അറിയിയ്ക്കണം. ദുര്യോധനന്റെ മൈത്രിയ്ക്ക് പകരമായി ഒന്നുംതന്നെ ചെയ്യാൻ എനിയ്ക്കു കഴിഞ്ഞില്ല. അതിന് അദ്ദേഹം എനിയ്ക്കു മാപ്പു നല്കട്ടെ.

ശല്യൻ:-ഇനി വല്ലതും പറയുവാനുണ്ടോ?

കർണ്ണൻ:-ഉണ്ട്, ഒരു കാര്യംകൂടി പറയാനുണ്ട്. ഇന്ന് ഈ സമയത്ത് മരണം എന്റെ മുമ്പിൽവന്ന് നില്ക്കുന്ന അവസരത്തിൽ എനിയ്ക്കു തോന്നുകയാണ് ഈ യുദ്ധംകൊണ്ട് സമാധാനം സ്ഥാപിയ്ക്കുവാൻ സാദ്ധ്യമല്ലെന്ന്. ഞാൻ എന്റെ മുമ്പിൽ യോഗേശ്വരനായ ശ്രീകൃഷ്ണനെ കാണുന്നു. അദ്ദേഹമാണ് ഈ കളിയെല്ലാം കളിപ്പിയ്ക്കുന്നത്. ഭീഷ്മർ അത് പറഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തെ പരിഹസിയ്ക്കുകയാണ് ചെയ്തത്. ദുര്യോധനനോട് പറയണം, ഈ ഭൂമി ആരുടെയുമല്ലെന്ന്. അദ്ദേഹത്തിന്റെയുമല്ല, യുധിഷ്ഠിരന്റെയുമല്ല. ഇന്ന് ഞാൻ മരിയ്ക്കുകയാണ്. നാളെ ദുര്യോധനനും മരിയ്ക്കും. മററന്നാൾ യുധിഷ്ഠിരന്റെ ഊഴമാണ്. ഇക്കാണുന്ന പതിനെട്ടു വെള്ളംപട മുഴുവൻ മൺപാവകളെപ്പോലെ മരിച്ചു വീഴും. അന്തകന്റെ ആഗ്രഹം അതാണ്. ഇതിനെ

ആക്കും തടയുവാൻ കഴിഞ്ഞിട്ടില്ല; കഴിയുകയുമില്ല. ശ്രീകൃഷ്ണാ, ഞാൻ അങ്ങയെ സാഷ്ടാംഗനമസ്കാരം ചെയ്യുന്നു. അർജ്ജുനാ, നീ അസ്ത്രമയയ്ക്കുക. വീരന്മാർക്കു മാത്രമെ നിൻെറ കൈകൊണ്ട് മരിയ്ക്കുവാനുള്ള ഭാഗ്യമുണ്ടായിരിയ്ക്കുകയുള്ളു.

ഒരു കയ്യിൽ രഥത്തിൻെറ ചക്രവും മറേറകയ്യിൽ പരശുരാമൻ നല്കിയ ബ്രഹ്മാസ്ത്രവും പിടിച്ച് കർണ്ണൻ അങ്ങിനെ നില്ക്കുകയാണ്. സൂര്യപുത്രനും രാധാപുത്രനും ദുര്യോധനൻെറ പരമമിത്രവുമായ കർണ്ണൻ പെട്ടെന്നു നിലംപതിച്ചു. അദ്ദേഹത്തിൻെറ ആത്മാവ് നിത്യശാന്തിയെ പ്രാപിച്ചു. സൂര്യഭഗവാൻ ഭൂമിയിൽ അന്ധകാരത്തെ പരത്തിക്കൊണ്ട് പശ്ചിമസാഗരത്തിൽ ആണ്ടു.

ഒമ്പതു്

## ശ്രാദ്ധകർമ്മം

മഹാഭാരതയുദ്ധം അവസാനിച്ചു. പതിനെട്ട് മൂലവെള്ളംപട മുഴുവൻ ചത്തൊടുങ്ങി. ലക്ഷക്കണക്കിൽ സ്ത്രീകൾ വിധവകളായി. അനേകം കുട്ടികൾക്ക് അവരുടെ പിതാക്കൾ നഷ്ടപ്പെട്ടു. രക്തപ്പുഴ ഒഴുകിയതിന്നു കയ്യും കണക്കുമില്ല. കൗരവന്മാർ മുഴുവൻ കൊല്ലപ്പെട്ടു. പഞ്ചപാണ്ഡവന്മാർ, ശ്രീകൃഷ്ണൻ, ധൃതരാഷ്ട്രൻ, ഗാന്ധാരി, കുന്തി, എന്നിവർ അവശേഷിച്ചു.

യുദ്ധാനന്തരം മരിച്ചുപോയ ബന്ധുക്കൾക്ക് മുഴുവൻ അർഘ്യം നല്കുവാനായി യുധിഷ്ഠിരൻ യമുനാതീരത്തേക്കുപോയി. അദ്ദേഹത്തോടൊന്നിച്ച് കുന്തീദേവിയുമുണ്ടായിരുന്നു. യുധിഷ്ഠിരൻ തൻെറ കുലത്തിലെ എല്ലാ വീരന്മാരുടെയും പേരുകൾ പറഞ്ഞ് അഞ്ജലി നൽകിക്കൊണ്ടിരുന്നു.

കുന്തി:-യുധിഷ്ഠിരാ! എല്ലാവർക്കും അഞ്ജലി നൽകിക്കഴിഞ്ഞുവോ?

യുധിഷ്ഠിരൻ:-ഉവ്വ് അമ്മേ! എല്ലാവർക്കും നല്കി.

കുന്തി:-എന്നാൽ ഇനി ഒരഞ്ജലികൂടി ബാക്കിയുണ്ട്.

യുധിഷ്ഠിരൻ:-പേരു പറഞ്ഞാൽ ഓർമ്മയുണ്ടാകും.

കുന്തി:-കർണ്ണൻ.

യുധിഷ്ഠിരൻ:-കർണ്ണനോ? കർണ്ണൻ സൂതപുത്രനാണല്ലോ. രാധയുടെ പുത്രനല്ലേ ആയാൾ!

കുന്തി:-അല്ലമകനേ. കർണ്ണൻ കുന്തിയുടെ പുത്രനായിരുന്നു.

യുധിഷ്ഠിരൻ:-അമ്മേ, നിങ്ങൾ എന്താണ് പറയുന്നത്?

കുന്തി:-ഞാൻ പറയുന്നത് യഥാർത്ഥമാണ്. നീയും അർജ്ജുനനും എപ്രകാരം എൻെറ പുത്രന്മാരാണോ അതേ പ്രകാരംതന്നെ കർണ്ണനും എന്റെ പുത്രനായിരുന്നു.

യുധിഷ്ഠിരൻ:അമ്മേ, നിങ്ങൾ എല്ലാം അപകടത്തിലാക്കി. കർണ്ണൻ എൻെറ ജ്യേഷ്ഠനാണെന്നു് മുമ്പ് പറഞ്ഞിരുന്നുവെങ്കിൽ ഈ സ്ഥിതി വരുമായിരുന്നില്ല. ഞാൻ അദ്ദേഹത്തെ ജ്യേഷ്ഠനായി കരുതുമായിരുന്നു. ഞങ്ങൾ എല്ലാവരും അദ്ദേഹത്തിൻെറ ആജ്ഞ അനുസരിക്കുമായിരുന്നു. അമ്മേ, നിങ്ങൾ ഒരു വലിയ തെറ്റാണ് ചെയ്തത്.

കുന്തി:-യുധിഷ്ഠിരാ, വ്യസനിക്കാതിരിയ്ക്കൂ. വരാനുള്ളതെല്ലാം വന്നുകഴിഞ്ഞു. ഈശ്വരവിധിയാണ് ഇതെല്ലാം. കർണ്ണന് അഞ്ജലി നൽകുക. എന്നിട്ട് നമുക്കു പോകാം. അതാ കൗരവസ്ത്രീകളെല്ലാം വിലപിച്ചുകൊണ്ട് ഇങ്ങോട്ടുവരുന്നുണ്ട്.

യുധിഷ്ഠിരൻ കർണ്ണനും അഞ്ജലി നൽകി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M200·2 Acc. No. 11386

This book should be returned on or before the date last stamped below.

28 DEC 1968
2 AUG 1983
7 MAR 1984
14 DEC 1990
20 JUL 2000
4 DEC 20
31 JUL 2010

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M200.2 11386

[illegible] നായർ. [illegible]

[illegible].

KOTTAYAM PUBLIC LIBRARY

Call No. M 200..൨ Acc. No. 11386

Author ആമാന്തൻനായർ പി. എം.

Title തിന്ന്ൻ

Indic Digital Archive Foundation

gpura.org